# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 34 ലക്കം ഓഗസ്റ്റ് 2016 വാർഷിക വരിസംഖ്യ ₹ 100



സെപ്റ്റംബർ 14
സ്ലീവായുടെ
പുകഴ്ചയുടെ തിരുനാൾ

പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്




# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ



വാല്യം 34 ഏലിയാ സ്ലീവാ മൂശെ ലക്കം, ഓഗസ്റ്റ് 2016

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- കുരിശിന്റെ ഭാരം കുറഞ്ഞാൽ 05
- സ്നേഹവും സാഹോദര്യവും 07
- കുരിശിനെ സ്നേഹഗീതമാക്കിയവൾ... 10
- രോഗീലേപനം കരുണയുടെ ദിവ്യാനുഭവം 12
- ദാരിദ്ര്യം: സ്നേഹത്തിന്റെ കുറവോ...? 16
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- Second Easter 18
- ദൈവരാജ്യത്തിന്റെ സ്വപ്നങ്ങൾ 23
- വഴിക്ക് ശണ്ഠ കൂടരുത് 26
- ഒരു പിതാവിന്റെ അനുഗ്രഹവചസ്സുകൾ 28
- സ്വർഗത്തിലേക്കുള്ള കുറുക്കുവഴി 29
- സെനക്കിൾ തരംഗം 31
- ദൈവത്തിന്റെ കൺട്രോൾ 32
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

എഡിറ്റോറിയൽ

# മഹത്ത്വീകരണം ജീവിതബലിയിലൂടെ

ഫാ. ഷാക് ഹാമൽ... രക്തസാക്ഷികളുടെ പേരുകൾക്കൊടുവിൽ ചേർക്കപ്പെട്ട മഹനീയനാമം. ബലിയർപ്പണവേദിയിൽ ബലിവസ്തുവായിത്തീർന്ന് ജീവിതബലി പൂർത്തിയാക്കിയ വിശുദ്ധവ്യക്തിത്വം.

ക്രൈസ്തവർക്കെതിരേ നടന്നുകൊണ്ടിരിക്കുന്ന ആക്രമണപരമ്പരയെ അപലപിച്ച പല ശബ്ദങ്ങൾക്കിടയിൽ കേട്ട ഒന്ന് തിരുസഭയ്ക്ക് എന്തുമാത്രം നഷ്ടങ്ങൾ സംഭവിക്കുന്നു എന്നതാണ്. ജീവിതത്തെ ഈ ലോകത്തിന്റെ അതിർവരമ്പുകളിൽ തളച്ചിടുന്നവർക്ക് രക്തസാക്ഷിത്വം ഒരു നഷ്ടംതന്നെയാണ്. എന്നാൽ, വിശ്വാസവെളിച്ചത്തിൽ ജീവിതത്തെ നോക്കിക്കാണുന്നവർക്ക്, ദൃഷ്ടികൾ വരുംലോകത്തേക്ക് എത്തിക്കാനാവുന്നവർക്ക് അതൊരു നഷ്ടമല്ല; നേട്ടമാണ്. രക്തസാക്ഷിത്വവും പീഡനങ്ങളും തിരുസഭയെ തളർത്തുകയില്ല, വളർത്തുകയേയുള്ളു.

ഈശോയുടെ മഹത്ത്വീകരണവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും യുഗാന്ത്യോന്മുഖജീവിതവുമൊക്കെ ധ്യാനവിഷയമാക്കുന്ന ഏലിയാ-സ്ലീവാ-മൂശെക്കാലത്ത് ഈ ചിന്തകൾക്ക് പ്രാധാന്യമേറുന്നുണ്ട്. ഈ കാലത്തിന്റെ കേന്ദ്രമായി നിലകൊള്ളുന്നത് മഹത്ത്വീകൃതമായ സ്ലീവായാണെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. താബോർമലയിലെ ഈശോയുടെ രൂപാന്തരീകരണമഹത്ത്വത്തിൽ തുടരാനാഗ്രഹിച്ച ശിഷ്യന്മാരെ താഴ്‌വരയിലെ ജീവിതയാഥാർത്ഥ്യങ്ങളെ നേരിടാനാണ് ഈശോ ക്ഷണിച്ചത്. ജീവിതബലി പൂർത്തിയാക്കാതെ മഹത്ത്വീകരണം സാധ്യമല്ലെന്ന് ഈശോ അവരെ പഠിപ്പിക്കുകയായിരുന്നു. ഈശോ മഹത്ത്വീകരിക്കപ്പെട്ടത് കുരിശിലൂടെയാണെങ്കിൽ ക്രൈസ്തവരുടെ മഹത്ത്വീകരണത്തിന് വേറൊരു വഴിയില്ല. കുരിശ് രക്ഷയാണ്; സ്വർഗത്തിലേക്കുള്ള കവാടമാണ്.

നിത്യനായ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ് ഏതു ജീവിതസാഹചര്യങ്ങളെയും ശാന്തതയോടെ നേരിടാൻ നമുക്കു കരുത്തേകുന്നത്. ഈലോകനഷ്ടങ്ങളെ നേട്ടങ്ങളായി രൂപാന്തരപ്പെടുത്തുവാൻതക്കവിധമുള്ള വിശ്വാസജീവിതം നയിക്കുവാൻ നമുക്കു സാധിക്കട്ടെ.

**ചീഫ് എഡിറ്റർ**





# കുരിശിന്റെ ഭാരം കുറഞ്ഞാൽ

**ജിസാ കൂട്ടിയാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഒരിക്കൽ ഒരാൾ ഒരു സ്വപ്നം കണ്ടു. തോളിൽ കുരിശുമായി മുമ്പോട്ടു പോകുന്ന കുറേ മനുഷ്യരോടൊപ്പം താനും ഒരു കുരിശുമായി നീങ്ങുന്നു. മുമ്പോട്ടു പോകുംതോറും കുരിശിനു വലിയ ഭാരം. അല്പം നീളം കുറച്ചാലോ? ദൈവത്തോടു പ്രാർത്ഥനയായി... ദൈവം പറഞ്ഞു: "നിനക്കു ചേർന്ന കുരിശാണ് കിട്ടിയിരിക്കുന്നത്". അല്പം മുറിച്ചാൽ തനിക്കു കുറച്ചുകൂടി വേഗത്തിൽ നടക്കാമെന്നായി ആ മനുഷ്യൻ. ദൈവം പറഞ്ഞു: "നിന്റെ ഇഷ്ടംപോലെയാകട്ടെ". സന്തോഷത്തോടെ അദ്ദേഹമിരുന്നു നീളം കുറച്ചു. വീണ്ടും ഒന്നു രണ്ടു തവണകൂടി ദൈവത്തോടപേക്ഷിച്ചു. അങ്ങനെ നീളം കുറച്ച്, ഭാരവും കുറച്ച് ഒരു മൂളിപ്പാട്ടൊക്കെ പാടി വളരെ വേഗത്തിൽ അയാൾ മുന്നോട്ട് പോയി. പെട്ടെന്ന് ഭയപ്പെടുത്തുന്ന ഒരു കാഴ്ച! മുന്നിൽ വലിയ ഒരു കിടങ്ങ്. അത് കടക്കാൻ ഒരു പാലം പോലുമില്ല. പിറകിൽ വന്നവരെല്ലാം തങ്ങളുടെ കുരിശെടുത്ത് നീട്ടിവച്ച് അതിലൂടെ കടന്നുപോയി. അയാൾ തന്റെ കുരിശെടുത്ത് നീട്ടി വച്ചു. പക്ഷേ എത്തിയില്ല. നീളം കുറയ്ക്കരുതെന്ന് ദൈവം പറഞ്ഞതിന്റെ പൊരുൾ അപ്പോഴാണ് അയാൾക്ക് മനസ്സിലായത്.

ജീവിതകുരിശിന്റെ ഭാരം കുറയ്ക്കാൻ നെട്ടോട്ടമോടുന്ന ഒരു ലോകത്തിന്റെ മദ്ധ്യത്തിലാണ് നാം ജീവിക്കുന്നത്. ജീവിത കഷ്ടപ്പാടുകൾ കുറഞ്ഞിരുന്നാൽ സന്തോഷവും സമാധാനവും ലഭിക്കുമെന്ന തത്ത്വമാണിന്നത്തെ തലമുറയെ ഭരിക്കുന്നത്. സയൻസും സാമ്പത്തികശാസ്ത്രവും സാമൂഹ്യശാസ്ത്രവുമെല്ലാം ഇതിനുവേണ്ടിയുള്ള പരക്കംപാച്ചിലാണ്. കുറെ

യൊക്കെ അദ്ധ്വാനവും കഷ്ടപ്പാടും ലഘൂകരിക്കാൻ സാധിച്ചു എന്ന വാദമുഖങ്ങളുയർത്തുമ്പോഴും മനുഷ്യന്റെ കഷ്ടപ്പാടുകളും വേദനകളും കൂടുകയത്രേ ചെയ്തത് എന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. അരമുറുക്കിയുടുത്ത് പകലന്തിയോളം മണ്ണിനോട് മല്ലിട്ട് ജീവിച്ച ഒരു തലമുറ ഇന്നും നമ്മിൽ നിന്ന് അന്യംനിന്നു പോയിട്ടില്ല. ഇന്നത്തേതുപോലെയുള്ള ജീവിതസാഹചര്യങ്ങളൊന്നുമില്ലാതിരുന്നെങ്കിലും അവർ സമാധാനത്തോടെ ഉറങ്ങിയിരുന്നു, സന്തോഷത്തോടെ ഒന്നിച്ച് ഭക്ഷിച്ചിരുന്നു. ഒരിക്കൽപോലും ആശുപത്രിയിൽ കയറേണ്ടാത്ത വിധം ആരോഗ്യം അവർക്കുണ്ടായിരുന്നു. മലകളെ മാറ്റാൻ തക്ക ദൈവവിശ്വാസം അവരുടെ സമ്പത്തായിരുന്നു. എന്നാൽ ഇന്നോ? ജീവിതസാഹചര്യങ്ങൾ വർദ്ധിച്ചു. ലോകംമുഴുവൻ മനുഷ്യന്റെ വിരൽതുമ്പിലായി. കഷ്ടപ്പാടുകൾ കുറഞ്ഞു. എന്നാൽ അതോടൊപ്പം മനുഷ്യന്റെ മാനസിക സംഘർഷം വർദ്ധിച്ചു. സമാധാനവും സന്തോഷവും അപ്രത്യക്ഷമായി. വിശ്വാസം മനുഷ്യജീവിതത്തിൽ നിന്ന് പുസ്തകതാളുകളിലേക്ക് മാറ്റപ്പെട്ടു. ഇപ്പോൾ മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്നത് തന്നെ വിവിധതരം രോഗങ്ങളാണ് എന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു.

കുരിശിന്റെ ശക്തിയും വിജയവും ധ്യാനവിഷയമാക്കുന്ന ഏലിയാ-സ്ലീവാ-മൂശെക്കാലത്തിന്റെ മനോഹര ചിന്തകളിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. രക്ഷയുടെ അടയാളമായി ക്രിസ്ത്യാനിയുടെ മുമ്പിൽ ഉയർത്തപ്പെട്ടത് കുരിശാണ്. ക്രിസ്ത്യാനി ജീവിതത്തിൽനിന്നും എടുത്തുകളയാൻ ശ്രമിക്കുന്ന യാഥാർത്ഥ്യവും ഈ കുരിശത്രേ! മനുഷ്യദൃഷ്ടിയിൽ അത് വിഡ്ഢിത്തമാണെങ്കിൽ വിശ്വാസത്തിന്റെ കണ്ണുകൾക്ക് അത് അനുഗ്രഹമാണ്. എപ്പോഴാണ് കുരിശ് നമുക്ക് ഭാരമാകുക? നമ്മുടെ കഴിവിന്റെയും അഹങ്കാരത്തിന്റെയും മുകളിൽ നാം കുരിശ് വഹിച്ചാൽ അത് നമുക്ക് ഭാരമാകും. അത് നമ്മെ തളർത്തികളയും. സമാധാനവും സന്തോഷവും നഷ്ടപ്പെടുത്തും. എന്നാൽ ദൈവഹിത സ്വീകരണത്തിന്റെയും വിശ്വാസത്തിന്റെയും മുകളിൽ ഈ കുരിശിനെ നാം വഹിച്ചാൽ അത് നമുക്കെന്നും അനുഗ്രഹപ്രദമായിരിക്കും. നമ്മുടെ കുരിശ് ചിലപ്പോൾ ദാരിദ്ര്യമാകാം, രോഗമാകാം, ചില വ്യക്തികളാകാം, കടബാധ്യതകളാകാം. അവയെ നാം തനിയെ വഹിച്ചാൽ നാം തളർന്നുപോകും. എന്നാൽ നമുക്കുമുമ്പേ ദൈവഹിതത്തിന്റെ കുരിശുമായി കാൽവരി കയറിയവനാണ് നമ്മുടെ ധൈര്യം. കുരിശിന്റെ ഭാരവും നീളവും കുറയ്ക്കാൻ ശ്രമിക്കാതെ കുരിശിൽ ആകാശത്തിനും ഭൂമിക്കും മധ്യേ ഉയർത്തപ്പെട്ടവനിലേക്ക് വിശ്വാസത്തോടെ നമുക്ക് നോക്കാം. "നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ, അത് ദൈവത്തിന്റെ ശക്തിയത്രേ" (1 കോറി 1,18).

സെപ്റ്റംബർ 14-ാം തീയതി സ്ലീവായുടെ പുകഴ്ചയുടെ തിരുനാളിനായി ഹൃദയപൂർവ്വം നമുക്കൊരുങ്ങാം. നമ്മുടെ സഹനങ്ങളും ദുഃഖങ്ങളുമായി നാം മുമ്പോട്ടു പോകുമ്പോൾ 'കൂടെ നടക്കുന്നവനെ' കാണാൻ സാധിക്കണം നമുക്ക്. കാരണം ഈ ലോകത്തിൽ മറ്റാർക്കും തരാനാവാത്ത ഉറപ്പാണ് അവൻ നമുക്കു നല്കിയത്. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരിക. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്തായി 11,28). രക്ഷയുടെ അച്ചാരവും നന്മയുടെ ഉറവിടവുമായ സ്ലീവാ ദുഷ്ടന്റെ കെണികളെ തോല്പിക്കാനും സ്വർഗ്ഗരാജ്യത്തിന് അവകാശികളാകാനും നമുക്ക് ശക്തി നല്കട്ടെ.





# സ്നേഹവും സാഹോദര്യവും

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

സെനക്കിളിൽ ഈശോയോടൊപ്പമുണ്ടായിരുന്ന ശിഷ്യന്മാർക്ക് അവിടുന്നു പറഞ്ഞതുമുഴുവനും അപ്പോൾ മനസ്സിലാക്കുവാൻ കഴിഞ്ഞില്ല എന്നത് ഒരു വസ്തുതയാണ്. പിന്നീട് പരിശുദ്ധാത്മാവിന്റെ പ്രബോധനത്തിലൂടെയാണ് പലതും അവർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞത്. എന്നാൽ ഒരു കാര്യം ശക്തമായി അവരുടെ മനസ്സിൽ പതിഞ്ഞു എന്നതിനു സംശയമില്ല. അത് മറ്റൊന്നുമല്ല; പരസ്പരസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശമാണ്. ശിഷ്യത്വം സ്വീകരിച്ച് ഈശോയുടെ ശിഷ്യരുടെ സമൂഹമായി രൂപംകൊള്ളുന്ന സഭാസമൂഹത്തിന്റെ മുഖമുദ്ര പരസ്പരസ്നേഹവും സാഹോദര്യവുമായിരിക്കണമെന്ന സന്ദേശം ശ്ലീഹന്മാരുടെയെല്ലാവരുടെയും മനസ്സിൽ ആഴമായി പതിഞ്ഞിരിക്കണം.

**പരസ്പരം പാദങ്ങൾ കഴുകുന്ന ജീവിതം**

അന്ത്യത്താഴത്തിന് ശിഷ്യന്മാരുമൊത്ത് ഇരുന്നപ്പോൾ ഈശോ ആദ്യമായി ചെയ്തത് പാദം കഴുകലാണ്. പാദം കഴുകാൻ പശ്ചാത്തലമൊരുങ്ങിയത് ആതിഥേയനായി മറ്റാരുമില്ലാത്ത സാഹചര്യമാകാം. തങ്ങളിൽ ആരാണു വലിയവൻ എന്നൊരു തർക്കം ശിഷ്യരുടെയിടയിൽ ആ സന്ദർഭ



ത്തിലുണ്ടായി എന്ന് ലൂക്കാസുവിശേഷകൻ പറയുന്നുണ്ട് (ലൂക്കാ 22,24). സാധാരണമായി ഭൃത്യന്മാർ ചെയ്യുന്ന ജോലി തങ്ങളിൽ ആരു നിർവഹിക്കും എന്ന ചിന്തയായിരിക്കാം അപ്രകാരമൊരു തർക്കത്തിനു കാരണമായത്. തന്റെ ശിഷ്യന്മാർ ഇങ്ങനെ പരസ്പരം തർക്കിച്ചുകൊണ്ടിരുന്നപ്പോൾ ഈശോ തന്നെ സ്വയം അരമുറുക്കി അവരുടെ പാദങ്ങൾ കഴുകാൻ തുടങ്ങി. പത്രോസ് തടസ്സം പറഞ്ഞപ്പോൾ ഈശോ പറഞ്ഞു: "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല" (യോഹ 13,8). എല്ലാവരുടെയും പാദങ്ങൾ കഴുകിയ ശേഷം അവരോടു പറഞ്ഞു: "നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം" (യോഹ 13,14). എളിമയോടെ പരസ്പരം ശുശ്രൂഷ ചെയ്യുവാൻ തയ്യാറാകുന്നവരുടെ സമൂഹമായിരിക്കണം സഭ എന്ന് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു.

**പരസ്പരം സ്നേഹിക്കുന്ന ജീവിതം**

മിശിഹാശിഷ്യരുടെ മുഖമുദ്രയായിത്തീരേണ്ടത് പരസ്പരസ്നേഹമാണെന്ന് അന്ത്യത്താഴത്തിൽ ഈശോ വ്യക്തമാക്കുന്നുണ്ട്. പഴയ ഉടമ്പടിയുടെ പത്തു പ്രമാണങ്ങളുടെ സ്ഥാനത്ത് പുതിയ ഉടമ്പടിയുടെ കല്പനയായി ഈശോ നല്കുന്നത് പരസ്പരസ്നേഹത്തിന്റെ കല്പനയാണ്: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,34-35). ഈശോയുടെ സ്നേഹം നമുക്ക് മാതൃകയാകണം. ഈശോയുടെ സ്നേഹത്തിന്റെ സവിശേഷതകൾ മനസ്സിലാക്കി അതിനനുസൃതമായ സ്നേഹം ജീവിതത്തിൽ പ്രാവർത്തികമാക്കണം. സ്നേഹിതർക്കുവേണ്ടി സ്വജീവൻതന്നെ നല്കുവാൻ തയ്യാറായ സ്നേഹമാണ് ഈശോയുടേത് (യോഹ 15,13). ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കുവാൻ വെറും മനുഷ്യരായ നമുക്ക് മാനുഷികമായി അസാദ്ധ്യമാണ്. ഈശോയുടെ സ്നേഹത്തിൽ ജീവിക്കുന്നവർക്കേ അതു സാദ്ധ്യമാകൂ. അതുകൊണ്ടാണ് 'നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ' എന്നും ഈശോ പറയുന്നത് (യോഹ 15,9). ഈശോയുടെ സ്നേഹത്തിൽ നിലനിന്നുകൊണ്ട് ഈശോയെപ്പോലെ പരസ്പരം സ്നേഹിക്കുവാൻ നാം തയ്യാറാകുമ്പോൾ ഈശോ ആഗ്രഹിക്കുന്നവിധം പരസ്പരസ്നേഹമുള്ള സമൂഹമായി സഭാസമൂഹം രൂപാന്തരപ്പെടും.

**പരസ്പരം ഐക്യം പുലർത്തുന്ന ജീവിതം**

സെനക്കിളിൽ ഈശോ പ്രാർത്ഥിച്ചത് പ്രധാനമായും ഐക്യത്തിനുവേണ്ടിയാണ്. തന്റെ ശിഷ്യന്മാരുടെ ഐക്യത്തിനുവേണ്ടിയാണ് ആദ്യം ഈശോ പ്രാർത്ഥിക്കുന്നത്: "പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നല്കിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങു കാത്തുകൊള്ളണമേ'' (17,11). പരസ്പരം ഐക്യത്തിൽ ജീവിക്കുന്നതിനു തടസ്സമായി നില്ക്കുന്നത് സ്വാർത്ഥതാല്പര്യങ്ങളാണ്. ശ്ലീഹന്മാരുടെ കൂട്ടായ്മയിൽനിന്നു വിട്ടുപോകുവാൻ യൂദാസിനു കാരണമായത് അയാളുടെ സ്വാർത്ഥപരമായ ലക്ഷ്യങ്ങളും ദ്രവ്യാഗ്രഹവുമാണ്. അപ്രകാരം സ്വാർത്ഥതാല്പര്യങ്ങൾക്ക് അടിമപ്പെടാതിരിക്കാൻ ശിഷ്യന്മാർക്ക് ദൈവികസംരക്ഷണം നല്കണമെന്നാണ് ഈശോ പ്രാർത്ഥിക്കുന്നത്. അതുപോലെ തന്നെ സഭാസമൂഹം മുഴുവനും ഇപ്രകാരം പരസ്പരം ഐക്യം പുലർത്തുന്നതാവണം എന്നും ഈശോ പ്രാർത്ഥിക്കുന്നുണ്ട്: "അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം





മൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയാണു ഞാൻ പ്രാർത്ഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി" (യോഹ 17,20-21). ഈശോയുടെ അന്ത്യാഭിലാഷമെന്ന നിലയിൽ ഐക്യത്തിനു വിരുദ്ധമായ എല്ലാ നിലപാടുകളും പ്രവർത്തനങ്ങളും ഉപേക്ഷിക്കുവാൻ സഭാംഗങ്ങൾ എല്ലാവരും തയ്യാറാകണം.

**പരസ്പരസാഹോദര്യജീവിതം**

''നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കണ"മെന്നാണ് ഈശോ പ്രാർത്ഥിച്ചത് (യോഹ 17,11.22). ത്രിയേകദൈവമായ പിതാവിനോടുള്ള പിതൃപുത്രബന്ധവും അതിൽനിന്നുരുത്തിരിയുന്ന സാഹോദര്യബന്ധവും ശിഷ്യസമൂഹത്തിലുണ്ടായിരിക്കണമെന്നാണ് ഈശോയുടെ വാക്കുകൾ സൂചിപ്പിക്കുന്നത്. ''എന്റെ കുഞ്ഞുങ്ങളേ'' എന്നുള്ള ഈശോയുടെ സംബോധനയും (യോഹ 13,33) "എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും പക്കലേക്കു ഞാൻ കയറുന്നു", "എന്റെ സഹോദരന്മാരോടു പറയുക" എന്നൊക്കെയുള്ള അവിടുത്തെ പ്രസ്താവനകളും (യോഹ 20,17) ഈ സാഹോദര്യബന്ധത്തിലേക്കാണ് വിരൽചൂണ്ടുന്നത്. സഭയുടെ ആരാധനയിൽ "എന്റെ സഹോദരരേ" എന്നാണല്ലോ മിശിഹായുടെ പ്രതിനിധിയായ പുരോഹിതൻ എപ്പോഴും ദൈവജനത്തെ സംബോധന ചെയ്യുന്നത്. സഭാത്മകമായ ഈ കുടുംബാരൂപിയും സാഹോദര്യബന്ധവും ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ നമുക്കു കഴിയണം. ആദിമസഭയിൽ ഈ സ്നേഹവും സാഹോദര്യവും അതിന്റെ തനിമയിൽ പ്രകടമായിരുന്നു: "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു" (നട 4,32). ഇന്ന് ഈ സാഹോദര്യം സഭയിൽ പ്രാവർത്തികമായാൽ, അത് എല്ലാവരും ആഗ്രഹിക്കുന്ന വിശ്വസാഹോദര്യത്തിന് വഴിതെളിക്കും എന്നതിന് സംശയമില്ല.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന



സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/ രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകഖീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O., Kottayam - 686 018
Tel. 0481-2578192



# കുരിശിനെ സ്നേഹഗീതമാക്കിയവൾ: പരി. മറിയം

**റ്റെസ്സി കറുകപ്പറമ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഒരു കുടുംബത്തിൽ ഒരു കുഞ്ഞു ജനിച്ചു കഴിഞ്ഞ ഉടൻതന്നെ പിന്നീടുള്ള ഓരോ സംഭവങ്ങളിലും ഈ കുഞ്ഞിനെ പഴിചാരി ഇവൻ/ഇവൾ ഐശ്വര്യമാണെന്നും....നാശമാണെന്നും പറയുന്ന പലരെയും കണ്ടിട്ടുണ്ട്. അങ്ങനെയെങ്കിൽ നസ്രത്തിലെ ഭവനത്തിൽ ഒരു കുഞ്ഞു ജനിച്ചതുമുതൽ, അല്ല, ജനിക്കുമെന്ന സന്ദേശം കിട്ടിയതുമുതൽ ഉള്ളിൽ കത്തിക്കാളുന്ന വേദനയോടെ നടക്കുന്ന ഒരു സ്ത്രീയെ നമുക്കറിയാം, പരി. മറിയം.

ആരാലും അറിയപ്പെടാതെ ഒതുങ്ങി ജീവിച്ച ഒരു പാവം പെൺകുട്ടിയുടെ ജീവിതത്തിലെ കുരിശുയാത്ര വിവാഹനിശ്ചയശേഷം മുതൽ ആരംഭിക്കുകയാണ്. അപ്രതീക്ഷിതമായി കടന്നുവന്ന മാലാഖയുടെ സന്ദേശത്തിന് 'ആമ്മേൻ' പറഞ്ഞ നിമിഷം മുതൽ കണ്ണീർമഴ ആരംഭിച്ചു. യൗസേപ്പിന്റെ സംശയം ദൂരീകരിക്കപ്പെടുന്ന സമയംവരെയും മറിയത്തിന്റെ വ്യഥ എത്ര വലുതായിരുന്നിരിക്കണം. ഒരു കുഞ്ഞിനെ പ്രസവിക്കാൻ ഇടം കിട്ടാതെ സങ്കടത്തിന്റെ പെരുമഴയിലും കോരിച്ചൊരിയുന്ന മഞ്ഞിന്റെ തണുപ്പിലും ആ അമ്മയുടെ സഹനയാത്ര തുടരുകയായിരുന്നു.

മാലാഖവൃന്ദവും ഇടയന്മാരും പൂജരാജാക്കന്മാരും ഉണ്ണിയെ ആരാധിച്ചുവണങ്ങുന്നതു കണ്ട് ഹൃദയം നിറഞ്ഞു സന്തോഷിച്ച ആ അമ്മയ്ക്ക് അടുത്തനിമിഷം ഉണ്ണിയെയുംകൊണ്ട് നാടുവിടേണ്ട ഗതികേടാണുണ്ടാകുന്നത്. മാലാഖവൃന്ദത്തെ കണ്ടതും, അവരുടെ ഗാനം കേട്ടതും വെറും സ്വപ്നമാണെന്നും മിഥ്യാധാരണയാണെന്നും അമ്മ ചിന്തിച്ചുപോയിരുന്നെങ്കിൽ നമ്മിൽ പലരെയുംപോലെ ദൈവത്തെ പഴിച്ചും, കുടുംബാംഗങ്ങളെ പഴിച്ചും, ജീവിതം നാശമടയുമായിരുന്നു. എന്നാൽ എല്ലാം ദൈവികപദ്ധതികളാണെന്ന് അമ്മ മനസ്സിലാക്കി. പരാതിയില്ലാതെ... എല്ലാറ്റിനേയും ഏറ്റെടുത്തു. കുഞ്ഞിനെ ദൈവാലയത്തിൽ സമർപ്പിക്കുമ്പോൾ ഈ ശിശു വലിയവനാണെന്ന് അവർ പറയുമ്പോഴും പരി. അമ്മയോട് പറയുക "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും" എന്നാണ്.

'കണ്ണുനീരെനിക്ക് എന്തിനു തന്നു സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന് എല്ലാവരും കരഞ്ഞു പ്രാർത്ഥിക്കുന്ന സഹനാവസരങ്ങളിലും അമ്മയുടെ വാക്ക് 'ഇതാ, കർത്താവിന്റെ ദാസി, നിന്റെ ഹിതം എന്നിൽ നിറവേറട്ടെ' എന്നായിരുന്നു.

എത്രയോ മനസ്സിലാക്കപ്പെടാത്ത അനുഭവങ്ങളിലൂടെയാണ് അമ്മ കടന്നുപോയത്. മകനെ കാണാതാവുന്ന സന്ദർഭത്തിൽ 'നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്?' എന്ന് പരിഭവത്തോടെ ചോദിക്കുന്ന അമ്മയോട് ഈശോ പറയുന്ന മറുപടി അമ്മയ്ക്കു മനസ്സിലായില്ല. മകനെ ഒരുനോക്കു കാണാൻ ചെല്ലുമ്പോൾ 'ആരാണ് എന്റെ അമ്മ, ആരാണ് എന്റെ സഹോദരങ്ങൾ' എന്ന ഈശോയുടെ ചോദ്യം അടുത്തുനിന്ന് അമ്മ കേട്ടിട്ടുണ്ടെങ്കിൽ അവിടെയും നിശബ്ദയായി ആ അമ്മയുടെ ചങ്കു തകർന്നിട്ടുണ്ടാകും. മകനെ മറ്റുള്ളവർ ബുദ്ധിഭ്രമം ബാധിച്ചവനെന്നും ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനെന്നും ഭോജനപ്രിയനെന്നും ഒക്കെ വിളിച്ച് പരിഹസിച്ചപ്പോൾ അമ്മയുടെ ദുഃഖത്തിന്റെ ആഴം എത്ര അഗാധമായിരിക്കണം... അവസാനം ക്രൂശിൽ ഈശോ പിടഞ്ഞു മരിക്കുന്നതുവരെയും കാണേണ്ടിവന്ന ഒരമ്മ... 'പാഷൻ ഓഫ് ക്രൈസ്റ്റ്' എന്ന സിനിമയിൽ കാൽവരിയിലേക്കുള്ള യാത്രയിൽ ഈശോയുടെ രക്തത്തുള്ളികൾ മുഴുവൻ ഒപ്പിയെടുക്കുന്ന അമ്മയുടെ ചിത്രം മറക്കാനാവാത്ത ഓർമ്മയാണ്. നമുക്കുവേണ്ടി ചിന്തപ്പെട്ട ഓരോ തുള്ളി രക്തവും എത്രമാത്രം വിലപ്പെട്ടതാണെന്ന് നമ്മെ ഓർമ്മിപ്പിക്കുകയാണ് അത്... മംഗലവാർത്ത മുതൽ ഈശോയുടെ കുരിശുമരണം വരെ സഹനങ്ങളുടെ തീർത്ഥയാത്രയായിരുന്നു അമ്മ നടത്തിയത്. ഇന്നുവരെ ലോകത്ത് ഒരു സ്ത്രീക്കും അമ്മയെപ്പോലെ ഇത്ര കഠോരമായ സഹനങ്ങളുടെ, കുരിശുകളുടെ വഴിയേ നടന്നുനീങ്ങേണ്ടി വന്നിട്ടില്ല. അതിനാൽ അമ്മ നമുക്കു മുമ്പേ നടന്നുനീങ്ങി മാതൃക കാട്ടിതന്നിരിക്കുകയാണ്.

ഈശോയുടെ പീഡാനുഭവ-മരണ-ഉത്ഥാനങ്ങൾക്കുശേഷം ശിഷ്യന്മാരെ ഒന്നിച്ചുകൂട്ടുന്നതും പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ഒരുക്കുന്നതും അമ്മയാണ്. ദൈവം തരുന്നതെന്തും നിറഞ്ഞ മനസ്സോടെ സ്വീകരിക്കാൻ അമ്മയുടെ മാതൃക നമുക്ക് പ്രചോദനം നല്കുന്നു.

ഈ സഹനവഴികളിലൂടെ നടന്നുനീങ്ങിയ നിരവധി വിശുദ്ധരെ ഈ കാലത്തിൽ നമ്മൾ സ്മരിക്കുന്നു. സെപ്റ്റംബർ 4 ന് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്ന മദർ തെരേസാ പരി. അമ്മയെപ്പോലെ ഈശോയുടെ കണ്ണായി, കരമായി, കാതായി... പ്രവർത്തിച്ചു. ലോകത്തിന് കരുണയുടെ മുഖം - ഈശോയുടെ മുഖം വെളിപ്പെടുത്തുവാൻ മദർ തെരേസയ്ക്കു കഴിഞ്ഞു. ഓഗസ്റ്റ് 29-ന് തിരുനാൾ ആഘോഷിക്കുന്ന വി. എവുപ്രാസ്യാമ്മ നിശബ്ദ സഹനങ്ങളുടെയും പ്രാർത്ഥനയുടെയും വ്യക്തിയായിരുന്നു. വി. കുർബാനയുടെ പാപ്പാ എന്നറിയപ്പെടുന്ന വി. പത്താം പീയൂസ് പാപ്പായുടെ തിരുനാൾ ഈ കാലയളവിലാണ് നമ്മൾ ആഘോഷിക്കുക.

പരി. അമ്മയുടെ ജനനത്തിരുനാൾ ആഘോഷിക്കുമ്പോൾ, അമ്മയെപ്പോലെ, ദൈവത്തിൽ സമ്പൂർണ്ണമായി ആശ്രയിക്കുവാൻ നമുക്കു പഠിക്കാം. കുരിശിനെ സ്നേഹിക്കാൻ, കുരിശിനെ പുണരാൻ... കുരിശ് സ്നേഹത്തിന്റെ ഒരു ഗീതമാക്കി ജീവിതത്തെ ദൈവതിരുമനസ്സിന് അടിയറ വയ്ക്കുവാൻ നമുക്കും ആഗ്രഹിക്കാം. നമ്മുടെ ലോകത്തെ സമാധാനത്തിന്റെയും ഐക്യത്തിന്റെയും വിളഭൂമിയാക്കി മാറ്റാൻ പരി. അമ്മയെ വിളിച്ചപേക്ഷിക്കാം.

ദൈവകാരുണ്യം: കൂദാശകളിലൂടെ



# രോഗീലേപനം കരുണയുടെ ദിവ്യാനുഭവം

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

സഭയുടെ കരുണയുടെ ഉദാത്തഭാവം പ്രകാശിതമാകുന്ന ഉത്കൃഷ്ടസംഭവങ്ങളാണ് കൂദാശകൾ. കൂദാശകൾ ദൈവകരുണയുടെ ഫലമാണെന്നു പറയുകയാണ് ഉചിതം. ദൈവത്തിന്റെ കരുണ ആൾരൂപമണിഞ്ഞതാണ് ഈശോമിശിഹാ. “തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ലോകത്തെ” സ്നേഹിച്ച ദൈവപിതാവിന്റെ കരുണയാണ് മനുഷ്യാവതാരം ചെയ്ത് പരിശുദ്ധ കന്യകയിൽനിന്നു പിറന്നത്.

കരുണാവാരിധിയും അനുഗ്രഹദായകനുമായ ഈശോമിശിഹാ തന്റെ കരുണയുള്ള പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവാൻ, തന്റെ ജീവിതത്തിൽ ഈ പിതൃമുഖം വ്യക്തമാക്കിയ ശേഷമാണ്, നമ്മെ ക്ഷണിക്കുന്നത്. ഈ ദൃശ്യാവതരണം -കരുണയുടെ പ്രവൃത്തികൾ- സുവിശേഷകന്മാർ രേഖപ്പെടുത്തിത്തന്നത് നാം വായിച്ചറിയുന്നു; ധ്യാനിച്ചു ബോധ്യപ്പെടുന്നു. ഈ കരുണയുടെ പ്രവൃത്തികൾ തന്റെ ജീവിതഭാഗമാക്കിക്കൊണ്ടാണ് ഈശോമിശിഹായുടെ മണവാട്ടിയും അവിടുത്തെ മൗതികശരീരവുമെന്ന നിലയിൽ അവിടുത്തെ തുടർച്ചയായി, അടിസ്ഥാനകൂദാശയായി, തിരുസ്സഭ ആദിമകാലം മുതൽ ഈ ലോകത്തിൽ തുടരുന്നത്. കൂദാശകളാണ് സഭയിൽ തുടരുന്ന മിശിഹായുടെ കാരുണ്യത്തിന്റെ പ്രവൃത്തികളും നീർച്ചാലുകളും. ഓരോ കൂദാശയുടെയും ഉറവിടരഹസ്യം നമുക്കതു വ്യക്തമാക്കി തരുന്നുണ്ട്.

ഈശോയുടെ കരുണയുടെ ഏറ്റം ഹൃദ്യമായ അനുഭവസാക്ഷ്യങ്ങൾ രോഗശാന്തിയുടെ വിവിധ സംഭവങ്ങളാണല്ലോ. വിധവയോടു മനസ്സലിഞ്ഞ് അവളുടെ പുത്രനെ ഉയിർപ്പിക്കുകയും ലാസറിന്റെ വേർപാടിൽ ദുഃഖിതരായവരോടൊപ്പം നെടുവീർപ്പിടുകയും കണ്ണീർ പൊഴിക്കുകയും ചെയ്യുന്ന ഈശോയെ നാം കാണുന്നു. അവഗണിക്കപ്പെട്ട്, പരസഹായമില്ലാതെ മുപ്പത്തെട്ടു വത്സരങ്ങളായി കുളക്കരയിൽ കഴിഞ്ഞ തളർവാതരോഗിയുടെ അടുത്തെത്തി സൗഖ്യം നല്കുന്ന സംഭവവും മറ്റുള്ളവർ വഴിയോരത്തേക്കു തള്ളി വിലാപത്തെപോലും വിലക്കി ശാസിച്ചതുമായ അവസരത്തിൽ കുരുടനെ അടുക്കലെത്തിച്ച് കാഴ്ച നല്കുന്നതും കരുണയുള്ള ദൈവത്തിന്റെ പ്രകാശിതരൂപം വ്യക്തമാക്കുന്ന അവസരങ്ങളാണ്. രോഗത്തെ പാപത്തിന്റെ ശിക്ഷയായിക്കണ്ട് രോഗികളെ സമൂഹത്തിൽനിന്ന് ഭ്രഷ്ടുകല്പിച്ചു മാറ്റി നിർത്തിയിരുന്നിടത്ത് കുഷ്ഠരോഗിയെപ്പോലും തൊട്ടു സുഖപ്പെടുത്തുന്ന രക്ഷകൻ കരുണയുടെ അവതാരമായി മാറുന്നു.

യഹൂദർ രോഗികളെ ദൈവശിക്ഷയനുഭവിക്കുന്നവരായി ചിത്രീകരിച്ച് അകറ്റി. ഹൈന്ദവസങ്കല്പം രോഗവും മരണവുമെല്ലാം ‘വിധി’യെന്നു ധരിച്ചു പെരുമാറുന്നു. വ്യത്യസ്ത കാഴ്ചപ്പാടുകളിൽ രോഗസഹനങ്ങൾക്കുനേരെ കണ്ണടച്ചു കഴിഞ്ഞിരുന്ന സമൂഹത്തിൽ ഈശോയുടെ രോഗശാന്തിയത്ഭുതങ്ങളും അതിൽ അവലംബിച്ച രീതികളും പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. മിശിഹായുടെ ദൗത്യപൂർത്തീകരണത്തിനായി നിയുക്തയായ സഭയിൽ മിശിഹാ കനിവോടെ നല്കിയ കൂദാശകൾ അവളുടെ കരുണയുടെ ഭാവം വ്യക്തമാക്കുന്നു. തന്റെ രോഗശാന്തിശുശ്രൂഷ തുടരുവാൻ ശ്ലീഹന്മാരെ നിയോഗിച്ച ഈശോമിശിഹാ നല്കിയ ഏറ്റം വലിയ ദിവ്യരഹസ്യമാണ് രോഗീലേപനം.

ഈശോ നല്കിയ രോഗശാന്തിയും അവിടെ പ്രകാശിതമായ ദൈവകാരുണ്യത്തിന്റെ പ്രവൃത്തികളും രോഗീലേപനത്തിൽ തുടരുന്നു. അവഗണിക്കപ്പെട്ടവർക്കും പാപികൾക്കും സ്വയം മിശിഹായുടെ പക്കലണയുവാൻ കഴിയാത്തവർക്കും ആത്മീയ-ശാരീരിക കുഷ്ഠരോഗികൾക്കും തിരുസ്സഭ രോഗീലേപനത്തിലൂടെ ഈശോയുടെ കരസ്പർശനത്തിനും രോഗശാന്തിയുടെയും പാപമോചനത്തിന്റെയും ദൈവവചനശ്രവണത്തിനും അവസരമൊരുക്കുന്നു. ഇവിടെ കാരുണ്യവാനായവന്റെ സ്പർശനം രോഗികളും പാപികളും അനുഭവിക്കുന്നു.

ഏതു തരത്തിൽ ദൈവത്തിൽനിന്നകന്നു കഴിഞ്ഞവർക്കും അവർ ആഗ്രഹിച്ചാൽ രോഗാവസ്ഥയിൽ സംലഭ്യമാക്കുന്ന കൂദാശയാണ് രോഗീലേപനം. ഇതിന്റെ ആഘോഷത്തിന് സഭയുടെ പ്രതിനിധിയും മിശിഹായുടെ പ്രതിരൂപവുമായി നേതൃത്വം നല്കുന്ന വൈദികർ കരുണയുടെ കൂദാശയായി വർത്തിക്കണം. ഈശോയുടെ പക്കൽ വരുകയോ മറ്റുള്ളവരാൽ കൊണ്ടുവരപ്പെടുകയോ ചെയ്ത രോഗികളും പാപികളും ചോദ്യം ചെയ്യപ്പെടുകയോ തിരസ്കരിക്കപ്പെടുകയോ ചെയ്തിട്ടില്ല.

ഈശോമിശിഹാ സഭയെയും സഭ പുരോഹിതരെയും ദാനമായി ഭരമേല്പിച്ചിരിക്കുന്ന ഈ ശുശ്രൂഷ ഉദാരമായും കരുണാപൂർവവും ദൈവജനത്തിനു നല്കുവാൻ അവർ കടപ്പെട്ടിരിക്കുന്നു. ദാതാവായ ദൈവത്തിന്റെ ഹിതത്തിന് ഒരു തരത്തിലും വിരുദ്ധമായ നിലപാടെടുക്കുവാൻ മനുഷ്യനോ മാനുഷികസംവിധാനങ്ങൾക്കോ അധികാരമില്ല. ശിഷ്യരോട് ഈശോ പറഞ്ഞയച്ചത്, 'നിങ്ങൾക്കു ദാനമായി ലഭിച്ചു, നിങ്ങൾ ദാനമായി നല്കുവിൻ' എന്നാണ്. ആകയാൽ ഏതൊരു പാപി ആവശ്യപ്പെട്ടാലും അനുരഞ്ജനകൂദാശ നല്കുവാനും ഏതൊരു രോഗി ആഗ്രഹിച്ചാലും രോഗീലേപനം നല്കുവാനും സഭ ഉത്തരവാദപ്പെട്ടിരിക്കുന്നു. രോഗീലേപനം ദൈവകാരുണ്യത്തിന്റെ വലിയ അനുഭവവേദിയാണ്.

നാലുപേർ ചേർന്ന് ഈശോയിരുന്ന വീടിന്റെ മേൽക്കൂര പൊളിച്ച് അവിടുത്തെ സവിധത്തിലേക്കു കൊണ്ടുവന്ന തളർവാതരോഗിയെ അവരുടെ വിശ്വാസംകണ്ട് പാപം മോചിച്ച്, സൗഖ്യം നല്കിയയച്ച സംഭവം വി. മർക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു (2,1-12). ജനക്കൂട്ടം നിമിത്തം അവിടുത്തെ പക്കലെത്താൻ കഴിയാതെ വന്നതിനാലാണ് വീടിന്റെ മേൽക്കൂര പൊളിച്ചത് എന്നും നാം വായിക്കുന്നു. ജനക്കൂട്ടം എപ്പോഴും നമ്മെ ദൈവത്തിൽനിന്നകറ്റുന്നു. സക്കേവൂസിന് ഈശോയെ കാണാൻ ആഗ്രഹിച്ചിട്ടും സാധിക്കാതെ പോയത് ജനക്കൂട്ടത്തിൽ നിന്നതുകൊണ്ടാണ് (ലൂക്കാ 19,3). ജനക്കൂട്ടമാണ് ഈശോയെ വിളിച്ചപേക്ഷിക്കുന്നതിൽനിന്ന് ബർതിമേയൂസിനെ തടഞ്ഞത് (ലൂക്കാ 18,36-39). ഇന്നും ജനക്കൂട്ടത്തിൽ കഴിയുന്നവരും ജനക്കൂട്ടത്തിന്റെ തടസ്സങ്ങളിൽപ്പെടുന്നവരും ജീവിതയാത്രയിൽ ദൈവത്തിൽനിന്നകന്നു കഴിയുന്നു. ജനക്കൂട്ടം ഒരു സൂചനയാണ്. ജീവിതവ്യഗ്രതകളും ലൗകികമോഹങ്ങൾ സൃഷ്ടിക്കുന്ന തിരക്കുകളും സമ്പാദ്യങ്ങളുമെല്ലാം മനുഷ്യജീവിതത്തിലെ "ജനക്കൂട്ട"മാണ്.

ശാരീരികമാനസിക രോഗാവസ്ഥകളിൽ ഒറ്റപ്പെടലുകൾ ലഭ്യമാകുമ്പോൾ ചിലരെങ്കിലും നാഥനെ തേടും. ജീവിതത്തിൽ ദൈവത്തെയും ദൈവികകാര്യങ്ങളെയും കാണാൻ കഴിയാത്ത അന്ധത ബാധിച്ചവർ, ഒരുവേള അവർത്തന്നെ ചെന്നുപെട്ട "ജനക്കൂട്ട"ത്താൽ വഴിയോരത്തേക്കു തള്ളപ്പെടുമ്പോൾ അവിടുത്തെ വിളിച്ചപേക്ഷിക്കും. സ്വയം നഷ്ടപ്പെടുത്തിയ കാഴ്ച വീണ്ടുകിട്ടാൻ അവർ ആഗ്രഹിക്കും. അപ്പോൾ പൂർവകാലചരിത്രത്താളുകൾ മറിച്ചുനോക്കിയല്ല, വിളിയിലെ നിസഹായത മനസ്സിലാക്കി പാപമോചനത്തിന്റെയും സൗഖ്യത്തിന്റെയും തൈലം പൂശി ആത്മാക്കൾക്ക് ദൈവദർശനത്തിന്റെ ഉൾക്കാഴ്ച നല്കാൻ വൈദികർ രോഗീലേപനമെന്ന ദിവ്യകൂദാശയുടെ ശുശ്രൂഷകരായി കടന്നുചെല്ലുവാൻ മടികാട്ടരുത്.

"ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു" (I *must* stay at your house today - NRSV)(ലൂക്കാ 19,5). ഈ വാക്കുകൾ നമ്മുടെ ഹൃദയങ്ങൾ മുറിപ്പെടുത്തുന്നു; നമ്മിൽ ആഴ്ന്നിറങ്ങുന്നു. ഈ വാക്കുകൾ അർത്ഥമാക്കുന്നതെന്തെന്നു വ്യക്തം. സക്കേവൂസിന്റെ ഭവനത്തിൽ അന്നു താമസിക്കുക എന്നത് ഈശോയുടെ "ആവശ്യ"മായിരിക്കുന്നു. ഇത് ഒരു തരത്തിൽ സക്കേവൂസിനോടുള്ള ഔദാര്യം എന്നതിനെക്കാൾ ഈശോയുടെ അത്യാവശ്യമായി മാറിയിരിക്കുന്നു. കാരണം വ്യക്തം - ഈശോയുടെ ദൗത്യം നീതിമാന്മാരെയല്ല, പാപികളെ അന്വേഷിക്കുക എന്നതും അവർക്കു സമൃദ്ധമായി ജീവൻ നല്കുക എന്നതുമാണ്. അതിശയോക്തിപരമായി പറഞ്ഞാൽ,







ഈശോയുടെ അസ്തിത്വത്തിന് അർത്ഥമുണ്ടാകണമെങ്കിൽ സക്കേവൂസിന്റെ ഭവനത്തിൽ അന്നു താമസിക്കണം. എങ്കിലേ "അങ്ങ് എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഞാനങ്ങയെ മഹത്ത്വപ്പെടുത്തി" (യോഹ 17,4) എന്ന് അവിടുത്തേക്കു പറയാനാവൂ.

ഇതാണ് ദൈവത്തിന്റെ കരുണ. പാപിയുടെ നാശമല്ല, മാനസാന്തരമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. എങ്കിൽ മാനസാന്തരത്തിന്റെ, ഈശ്വരദർശനത്തിന്റെ ആഗ്രഹം അല്പമെങ്കിലും പ്രകാശിപ്പിക്കുന്നവനിലേക്ക് കടന്നുവരാതിരിക്കാനവിടുത്തേക്ക് കഴിയില്ല. ഹാ, ദൈവമേ! നീ തന്നെ കരുണ. നീ തന്നെ സ്നേഹം. നീ തന്നെ രക്ഷ.

ഇതാണ് ദൈവതിരുമനസ്സെങ്കിൽ, അങ്ങേ തിരുമനസ്സ് സ്വർഗത്തിലേതുപോലെ ഭൂമിയിലുമാകണമേ എന്നുള്ള പ്രാർത്ഥന -കർതൃപ്രാർത്ഥന- ആവർത്തിക്കുന്ന സഭയും സഭാമക്കളും എത്രയധികമായി ഈ മനസ്സനുസരിച്ച് പാപികളെ തേടുകയും പാപികൾക്കും രോഗികൾക്കുമായി ഈ കൂദാശ സന്തോഷത്തോടെ ആഘോഷിക്കുകയും വേണം!

അന്വേഷിച്ചെത്തിയവനോടു മാത്രം കരുണ കാട്ടുന്ന ദൈവപുത്രനല്ല അവിടുന്ന്. അന്വേഷിച്ചെത്തി കരുണ കാട്ടുന്നവനാണവിടുന്ന്. വി. യോഹന്നാൻശ്ലീഹാ ദൈവത്തെ സ്നേഹമെന്നു (1 യോഹ 4,8) നിർവചിച്ചത് ഈശോയോടൊപ്പം ആയിരുന്ന് അവിടുത്തെ "കേൾക്കുകയും സ്വന്തം കണ്ണുകൾകൊണ്ടു കാണുകയും സൂക്ഷിച്ചുവീക്ഷിക്കുകയും കൈകൊണ്ടു സ്പർശിക്കുകയും" (1 യോഹ 1,1) ചെയ്തശേഷമാണ്. ഇപ്രകാരം കാണുകയും സൂക്ഷിച്ചുവീക്ഷിക്കുകയും ചെയ്ത സംഭവങ്ങളാണ് സുവിശേഷത്തിൽ അദ്ദേഹം പ്രഘോഷിച്ചിരിക്കുന്നത്. അതിൽ ഒരു സംഭവമാണ് ബേത്സഥാ കുളക്കരയിലെ സൗഖ്യം. ഇവിടെ ഈശോയെ അന്വേഷിക്കുകയോ ഈശോയുടെ പക്കലേക്ക് കൊണ്ടുവരപ്പെടുകയോ ചെയ്യാത്ത ഒരുവനാണ് സൗഖ്യം പ്രാപിക്കുന്നത്. ഈശോയെ വിളിച്ച് അവൻ അപേക്ഷിക്കുന്നുമില്ല. എന്നാൽ ഈശോ അവനെ തേടിയെത്തി, സൗഖ്യപ്പെടുവാനുള്ള ആഗ്രഹം ജനിപ്പിച്ച്, സൗഖ്യം നല്കി അയയ്ക്കുന്നു. ദൈവകാരുണ്യത്തിന്റെ അതിരുകളില്ലാത്ത നീർച്ചാൽ ഇവിടെ നാമനുഭവിക്കുന്നു.

സഭയും ഇതേ ദൗത്യത്തിനായി വിളിക്കപ്പെടുന്നു. രോഗികളെയും വൃദ്ധജനങ്ങളെയും ഇതുപോലെയുള്ള അനേകരെയും, ഒരുപക്ഷേ ജീവിതകാലം മുഴുവൻ ഈലോകത്തിലെ പലതും തങ്ങളെ സംതൃപ്തരാക്കും എന്ന ചിന്തയാൽ അലയുന്നവരെയും (ആരെങ്കിലും കുളത്തിലിറക്കും എന്ന പ്രതീക്ഷയിലാവാം തളർവാതരോഗി മുപ്പത്തെട്ടു വത്സരങ്ങൾ കാത്തുകിടന്നത്. ആരും എത്തില്ല, സൗഖ്യം കിട്ടില്ല എന്ന സത്യം അവൻ അറിയുന്നില്ല) മാനസാന്തരത്തിന്റെ ഒരു ലക്ഷണവും കാട്ടാത്തവരെപ്പോലും തേടിയെത്തി, ഒരുക്കി, രോഗീലേപനത്തിലൂടെ സൗഖ്യപ്പെടുത്തി ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ സഭാശുശ്രൂഷകർക്കാവണം.

രോഗീലേപനം പാപികൾക്കു പ്രത്യാശയും രോഗികൾക്കു ബലവും പ്രദാനംചെയ്യുന്നു. പാപികളുടെ കുടുംബത്തിനും സമൂഹത്തിനും അത് ആശ്വാസം നല്കുമ്പോൾ രോഗികളുടെ ബന്ധുമിത്രങ്ങൾക്ക് സഹനത്തെ സംബന്ധിച്ച ഉത്തരമില്ലാത്ത ചോദ്യങ്ങൾക്ക് മറുപടി നല്കുന്നു. സഭാഗാത്രം ആനന്ദിക്കുന്നു; സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകുന്നു.



# ദാരിദ്ര്യം: സമ്പത്തിന്റെ കുറവോ...?

ഫിലോ കുറ്റിയാത്ത്

**എ**ന്നെ വളരെയധികം സ്പർശിച്ച ഒരു സംഭവം നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സംഭവം ഇതാണ്. ഒരിക്കൽ ഞാൻ നടപ്പാതയിലൂടെ നടന്ന് മുറിച്ചുകടക്കേണ്ട വഴിയുടെ അടുത്തെത്തിയപ്പോൾ ചുവന്ന ആൾരൂപം തെളിഞ്ഞു. പച്ച ആൾരൂപം വരുന്നതുവരെ നിൽക്കണമല്ലോ എന്നു കരുതി അങ്ങോട്ടും ഇങ്ങോട്ടും നോക്കിയപ്പോൾ ഒരു കുട്ടി തന്റെ കയ്യിൽ കുറെ ചെറിയ നാണയത്തുട്ടുകളുമായി (10,20,50 പൈസ) നിൽക്കുന്നത് കാണാനിടയായി. അതിന് വലിയ വിലയോ മൂല്യമോ ഒന്നും ഇല്ലാത്തതുകൊണ്ട് എറിഞ്ഞു കളയാൻ അവൻ ഭാവിക്കുന്നു. അപ്പോഴാണ് തന്റെ കയ്യിൽനിന്നും വീണുപോയ ഒരു ചെറു നാണയത്തുട്ട് മറ്റൊരു കുട്ടി കുനിഞ്ഞെടുക്കുന്നത് അവന്റെ ശ്രദ്ധയിൽപെട്ടത്. അതു കണ്ട അവൻ എന്തോ ചിന്തിച്ചുറച്ചതുപോലെ ആ കുട്ടിയുടെ അടുത്തേക്കു നടന്നു. തന്റെ കയ്യിലുണ്ടായിരുന്ന നാണയത്തുട്ടുകൾ ആ കുട്ടിയുടെ നേരെ നീട്ടി. വിടർന്ന കണ്ണുകളോടെ, വിസ്മയമാർന്ന മുഖത്തോടെ അതു വാങ്ങി സന്തോഷത്തോടെ ആ കുട്ടി നടന്നകന്നു. എന്നെ സംബന്ധിച്ചിടത്തോളം ഒന്നുമല്ലാതിരുന്ന ആ നാണയത്തുട്ടുകൾ മറ്റൊരുവനെ സംബന്ധിച്ചിടത്തോളം വലിയ വിലയുള്ളതായിരുന്നുവെന്ന് അന്നാണെനിക്കു മനസ്സിലായത് എന്ന് അവൻ ഒരിക്കൽ പങ്കുവയ്ക്കുകയുണ്ടായി. ആ കുട്ടിക്ക് ദാരിദ്ര്യത്തെക്കുറിച്ചോ ഇല്ലായ്മയെക്കുറിച്ചോ അന്നുവരെ അറിവുണ്ടായിരുന്നില്ല. എന്താണതിന് കാരണം? എല്ലാം ആവശ്യത്തിനു മിച്ചം ഉണ്ടായിരുന്ന അവനു വാരിക്കോരി കൊടുത്തിരുന്ന അവന്റെ മാതാപിതാക്കൾ ഇങ്ങനെയൊരു മൂല്യത്തെക്കുറിച്ച് അവനു പറഞ്ഞുകൊടുത്തിരുന്നില്ല; കാണിച്ചുകൊടുത്തിരുന്നില്ല. എന്റെ അമ്മ എന്നോടു പറയുമായിരുന്നു 'മോളേ, ഒരു മണി ചോറുപോലും കളയരുത്. അതുപോലും കിട്ടാനില്ലാത്തവർ വളരെ ഉണ്ട്' എന്ന്. ഇഷ്ടമില്ലാത്ത ഭക്ഷണം കഴിക്കാൻ മടി കാണിച്ചാൽ ഒന്നും ഭക്ഷിക്കാനില്ലാതെ ഒത്തിരി പേരുണ്ടെന്നും നമുക്കിതെങ്കിലും ഉള്ളതിൽ ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് കഴിക്കാനും പറയുമായിരുന്നു. കൊടുക്കേണ്ടത് കൊടുക്കേണ്ട പ്രായത്തിൽ കൊടുക്കാൻ നാം മറന്നുപോകുന്നു. എന്നിട്ട് പിന്നീടു നാം വിലപിക്കുന്നു. മൂല്യമില്ലാത്ത ഒരു തലമുറ വളർന്നുവരുന്നെങ്കിൽ അതിനു കാരണം അതിനു മുമ്പുള്ള തലമുറയല്ലേ? അതായത് നാം ഓരോരുത്തരുമല്ലേ? ചേരികളിലേക്ക് ഇറങ്ങാൻ പാപ്പാ നമ്മോട് ആഹ്വാനം ചെയ്യുന്നു. അതു കേൾക്കുന്ന ഇന്നത്തെ തലമുറയുടെ പ്രതികരണം എന്തായിരിക്കും! അവരെന്തിനാ ചേരികളിൽ തങ്ങുന്നത്, ഫ്ളാറ്റ് വാങ്ങിച്ച് അവിടെ താമസിച്ചുകൂടേ എന്നായിരിക്കുമോ! കാരണം ഇല്ലായ്മ എന്തെന്ന് അവർ അറിയുന്നില്ല, അറിയിക്കാൻ ശ്രമിക്കുന്നുമില്ല. അയലത്തെ അടുപ്പ് പുകയുന്നുണ്ടോ എന്ന് പണ്ടു കാലത്ത് അറിയാമായിരുന്നു. ഗ്യാസ് അടുപ്പു വന്നതോടെ ആ സാദ്ധ്യതയും നഷ്ടമായി. സമ്പത്തിന്റെ കുറവു മാത്രമല്ല ദാരിദ്ര്യം. വില്യം ജകീൻതാ പിതാവു പറയുന്നു: '*ഇന്നത്തെ ലോകത്തിന്റെ ഏറ്റവും വലിയ ദാരിദ്ര്യം സ്നേഹത്തിന്റെ ദാരിദ്ര്യമാണെന്ന്*'. സാമ്പത്തിക ദാരിദ്ര്യത്തിന്റെ പിന്നിൽപോലും കാണുന്നത് സ്നേഹത്തിന്റെ ദാരിദ്ര്യമാണെന്നു കാണാൻ സാധിക്കും. മൂല്യങ്ങൾ ഉൾക്കൊള്ളുന്ന, യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുന്ന, സ്നേഹിക്കാൻ അറിയാവുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ പരിശ്രമിക്കാം.


## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....


**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**



**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

പ്രിയപ്പെട്ട കൂട്ടുകാരേ... ഏലിയാ സ്ലീവാ മൂശക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കയാണല്ലോ. ഏലിയാ സ്ലീവാ മൂശെക്കാലത്തിന്റെ ചൈതന്യത്തിൽ വ്യാപരിക്കാൻ നമുക്കു പരിശ്രമിക്കാം. 1 രാജാ 17; 2 രാജാ 2; പുറപ്പാട് 20; മത്താ 17 ഈ അദ്ധ്യായങ്ങൾ വായിച്ച് താഴെക്കാണുന്ന ചോദ്യങ്ങൾക്കുത്തരം കണ്ടെത്തി ചിത്രത്തിൽ എഴുതുക.

1. ഈശോയുടെ രൂപാന്തരീകരണവേളയിൽ ആരൊക്കെ സംസാരിക്കുന്നതായിട്ടാണ് ശ്ലീഹന്മാർ കണ്ടത്?
2. ഏതു പ്രവാചകന്റെ കാലത്താണ് ദീർഘനാൾ മഴ പെയ്യാതിരുന്നത്?
3. ദൈവം ആരു വഴിയാണ് ഇസ്രായേൽ ജനത്തിനു പ്രമാണങ്ങൾ നല്കിയത്?
4. ഏലിയായുടെ പിൻഗാമി ആര്?
5. വരൾച്ചയുടെ കാലഘട്ടത്തിൽ എവിടുത്തെ വിധവയുടെ അടുക്കലേക്കാണ് ഏലിയാ അയയ്ക്കപ്പെട്ടത്?
6. സ്ലീവാ എന്ന വാക്കിന്റെ അർത്ഥം എന്താണ്?
7. സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ എന്നാണ്?
8. വരൾച്ചയുടെ കാലഘട്ടത്തിൽ ഇസ്രായേലിലെ രാജാവാരായിരുന്നു?




തയ്യാറാക്കിയത്: **ജിനു നിരപ്പേൽ**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - സെപ്റ്റംബർ 30).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018



7

# കുഞ്ഞാറ്റയുടെ കുമ്പസാരം

“കൊല്ലരുത് എന്നു പറഞ്ഞതിന്റെ അർത്ഥമോ മമ്മീ?”

ആദത്തിന്റെയും ഹവ്വായുടെയും മക്കളുടെ പേര് ഓർക്കുന്നുണ്ടോ? “ഉണ്ട് ഉണ്ട്”. മമ്മിയുടെ ചോദ്യത്തിനു കുഞ്ഞാറ്റ ഉത്സാഹത്തോടെ മറുപടി പറഞ്ഞു, “ആബേലും കായേനും”. ആബേൽ ആട്ടിടയൻ. കായേൻ കൃഷിക്കാരൻ. രണ്ടുപേരും ദൈവത്തിനു ബലിയർപ്പിച്ചു. നല്ല ഫലങ്ങൾ ബലിയർപ്പിച്ച ആബേലിന്റെ ബലി ദൈവം സ്വീകരിച്ചതിനാൽ കായേന് ആബേലിനോട് അസൂയ ഉണ്ടായി. ആബേലിനെ തന്ത്രപൂർവ്വം കൊന്നുകളഞ്ഞു. മനസ്സിലുണ്ടായ അസൂയയും കുശുമ്പുമൊക്കെ കൊലപാതകം വരെ എത്തിയതു കണ്ടോ? കൂട്ടുകാർക്കു കൂടുതൽ മാർക്കു കിട്ടിയാൽ, എല്ലാവരും അവനെ അനുമോദിക്കുന്നതു കണ്ടാൽ, സമ്മാനം മേടിക്കുന്നതു കണ്ടാൽ നമ്മുടെ ഉള്ളിൽ സന്തോഷം ഉണ്ടാകണം. അല്ലെങ്കിൽ അസൂയ കൊണ്ട് അവരുടെ സൽപേര് നശിപ്പിക്കാനും മാർക്കു കുറയ്ക്കാനുമൊക്കെയുള്ള തോന്നലിലൂടെ അറിയാതെയാണെങ്കിലും അവരെയൊക്കെ കൊല്ലുന്നതിനു തുല്യമായ പാപം ചെയ്യുന്നവരാകും നാം. അതുകൊണ്ടാ അറിവില്ലാത്തവർക്കു പറഞ്ഞു കൊടുക്കണം, ആരെയും കളിയാക്കരുത്, എല്ലാവരോടും കൂട്ടു കൂടണമെന്നൊക്കെ പറയുന്നത്. ഇതിനോടു ചേർന്നുപോകുന്നതാ മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത് എന്നൊക്കെ പറയുന്ന കല്പനകൾ.

**ഷീജാ കാലായിൽ**



# SECOND EASTER

**Bro. Thomas Thazhathettu MST**

We live in the world of expectations. Everyone begins and ends their day with lot of dreams and future plans. Likewise, Church also expects a lot in this liturgical season. Church's expectations cannot be concluded merely as a liturgical season that is developed for the prayerful atmosphere of the faithful. But it invites us to have a fresh picture of Jesus in our life. May be we can say that, a picture beyond the concept of Christ's resurrection. Beyond this concept means, transfiguration of Christ comes as a second Easter in the strict believe of the Eastern tradition. In the Bible transfiguration of Christ presented before the passion, death and resurrection of Christ (Mk 9:2-9). In reality, it becomes an event after the resurrection of Christ. As a faithful, transfiguration of Christ gives lot of expectations in our life. During this season, believers are trying to expect an experience of heavenly bliss here on earth itself. It also foresees the final judgment of Christ at the end of time. Therefore, this season helps us to have a preparation to form ourselves to take part in the Tabor experience of disciples during the transfiguration of Christ.






Rebirth of every individual in Christ is made possible through Christ's victory over the cross. Since we are in the midst of the Jubilee Year of Mercy, merciful approach of Christ towards human beings are more visible through the presence of the Glorious Cross. This cross doesn't simply a cross of punishment but it is a cross of Christ's mercy on his people. So, Glorious Cross is symbolically attributed to the transfigured Jesus. During the transfiguration of Jesus at Tabor, God the Father convinced the disciples that Jesus as the law giver and greatest among all living creatures. It shows that God's kingdom is actualised on earth by His only begotten son. At this point, we have to raise an important question in our mind. What was the real intention of God the Father to give His only begotten Son to this world and why has God allowed Jesus to suffer on the cross, even though He knew that He would raise His Son on the third day? The answer can be concluded in two simple words, Mercy and Love. And now, Christ shows his Mercy and Love through His spouse in this liturgical season. This season gives us an earnest desire to transfigure ourselves to Jesus and finally to have an encounter with Jesus at the end of time. If we want to transfigure ourselves to Jesus then we have to take up His cross and follow Him. Because, Glorious Cross is the living sign of Christ's victory over sin, suffering and death. It is life giving, symbol of mercy, forgives the sins, and prepares us to have a unique meeting at the end of time. While we celebrate the Feast of Glorious Cross on 14th of September, we have to imbibe the real spirit of Christ's victory over death. If the central theme of this season is the transfiguration of Jesus then it becomes a reality when we fully understand Christ's victory over death, sin and suffering. Along with this reality Church teaches that Cross is the sum total of our Christian living and belief. By accepting the Glorious Cross, we also accept the divinity of Christ. Since we know the divinity of Christ, we foresee and expect a divine union with Christ at the end of time. For that, we have to submit ourselves to Christ to purify ourselves with his sufferings, death and resurrection.

For the Israelites and for the whole world, God the Father fulfilled his promise by giving his only begotten son. If so, at the end of Christ's ministry in this world, as a victory over passion, sin and death God the Father raised him from the dead on the third day. But to strengthen His mission through His apostles, to continue His activities in the Church and for us to foresee a future at the right side of God in the last judgment, God has given us a second Easter through the transfiguration of Jesus at Mount Tabor. Tabor experience of Jesus is a reinterpretation of three timings in the Christian

life of an individual such as past (God the Father fulfilled His promise by giving his only begotten son to the world), present (through resurrection, presence of Jesus is fully represented in the life of faithful and Church) and future (gives us a hope and we expect to be with Him and in His kingdom in the last judgement). In the history, mountains are presented as the point where man meets God. And it becomes a meeting place for the temporal and the eternal. Here in the transfiguration experience of Jesus at Tabor, Jesus becomes a connecting point between heaven and earth. Our teachings consider the transfiguration experience of Jesus as the fulfilment of the Old Testament messianic prophecies. Along with this, it also supports the identity of Jesus as the Son of God. Likewise in the baptism of Jesus, it is also an acknowledgement from the Almighty God. God the Father not only announced that He is the Son of God but also to listen to him. By presenting Elijah and Moses side by side of Jesus in the transfiguration experience, if God has told like that then the presence of Christ is seen in the beginning and till the end. That is why, we read in the book of revelation that "Behold, I am coming soon! My reward is with me, and I will give to everyone according to what he has done. I am the Alpha and the Omega, the First and the Last, the Beginning and the End" (Rev 22:12-13).

The connection between resurrection and transfiguration of Jesus has got many similarities. Its importance is very great in the Catholic faith. That may be the reason, Pope John Paul II included this as one of the mystery in the luminous mysteries. Now a simple question remains in our mind with the life events of Jesus, why messianic prophecies, birth of Jesus, passion, death and resurrection of Jesus and transfiguration of Jesus? It all happened because of the love of God towards His people. That is why, Church as a true spouse of Jesus invites us to partake in this liturgical season with true repentance and asking forgiveness from God for all our sins. And finally approach the season by expecting a Divine Union with Christ in the last judgment. But above all, why this season is given to us! Because, THE NAME OF GOD IS MERCY.







# ദൈവരാജ്യത്തിന്റെ സ്വപ്നങ്ങൾ

**ഡീക്കൻ ആൽബിൻ പാറയിൽ** O.Carm
സെന്റ് തോമസ് അപ്പ. സെമിനാരി, വടവാതൂർ

'സ്വപ്നങ്ങൾ ദൈവത്തിനുമുണ്ട്. പക്ഷേ, നിന്റെ സ്വപ്നങ്ങൾ ദൈവത്തിന്റേതായി വ്യാഖ്യാനിക്കരുത്'

രാവേറുംതോറും കുഞ്ഞിന് അസ്വസ്ഥതയേറുന്നു. ഇന്നും മാമം മുഴുവനും കഴിച്ചു. അമ്മ പിടിച്ചുതരാമെന്നു പറഞ്ഞ അമ്പിളിക്കിണ്ണം മാത്രം ഇന്നും കിട്ടിയില്ല. ഇന്നും മാനത്തെ വെള്ളിക്കിണ്ണം ഒത്തിരി ദൂരത്താണ്. അമ്മ കാണാതെ പുരപ്പുറത്ത് കേറിനോക്കി. പക്ഷേ എത്തുംതോറും അകന്നുപോകുന്നു. ഇന്നും കൈയെത്തി പിടിക്കാനാകുമെന്ന് തോന്നുന്നില്ല. എന്നാണ് ഈ വെള്ളിക്കിണ്ണം കുഞ്ഞിക്കീശയിലിട്ട് കൂട്ടുകാരെ കാണിക്കാനാവുക. പുതപ്പിനടിയിൽ സൂക്ഷിച്ചുവച്ച് കിടന്നുറങ്ങാനാവുക. നിദ്രയിലേക്ക് പതിയെ വഴുതിവീഴുമ്പോഴും അവന്റെ ഉള്ളിൽ മിഴിപൂട്ടിക്കിടന്ന ഒരു സ്വപ്നം പതിയെ ഉണരുന്നുണ്ടായിരുന്നു. കുഞ്ഞിക്കൈയിൽ മാനത്തെ അമ്പിളിക്കിണ്ണവുമായി കൂട്ടുകാരുടെ അടുത്തേക്ക് ഓടിയണയുന്ന, അതിൽ മുഖം നോക്കുന്ന ഒരു വികൃതിച്ചെറുക്കന്റെ ചിത്രം. ഇന്നും ചിലപ്പോ

ഴൊക്കെ ആ കുഞ്ഞിസ്വപ്നം മനസ്സിൽ തെളിയും. ഒപ്പം കയ്യെത്തിപ്പിടിക്കാനാവാത്ത ദൂരത്തിരുന്ന് ചിരിക്കുന്ന അമ്പിളിമാമന്റെ മുഖവും.

എവിടെയും സ്വപ്നങ്ങൾ ആണ്. ജീവിതത്തെപ്പറ്റി നിറമുള്ള സ്വപ്നങ്ങൾ നെയ്തെടുക്കുന്നു എല്ലാവരും. സ്വപ്നം കാണാനുള്ള ആഹ്വാനവും സ്വപ്നത്തിന്റെ ഉത്സവത്തിരക്കുമാണെവിടെയും. പിറന്നുവീഴുന്ന പൈതലിനെ മാറോട് ചേർത്ത് മുത്തം നൽകി മാതൃത്വവും പിതൃത്വവും ചേർന്നിരുന്ന് സ്വപ്നങ്ങൾ നെയ്യുന്നു. അമ്പിളിമാമനെ കാട്ടിക്കൊടുത്ത് സ്വപ്നം കാണാൻ പഠിപ്പിക്കുന്നു. ആ സ്വപ്നം ജീവിതാവസാനംവരെ...

പുലർക്കാലവും തൊടിയിൽ വിരിയുന്ന പൂക്കളും പറന്നുയരുന്ന തുമ്പികളും വിത്തെറിയുന്ന കർഷകനും ത്രിസന്ധ്യയും എല്ലാം സ്വപ്നങ്ങളിലാണ്. ആകാശം മുഴുവൻ സ്വപ്നങ്ങൾ ആണ്. ഈ ലോകം മുഴുവൻ സ്വപ്നങ്ങൾ ആണ്. ഓരോ കുഞ്ഞും ഒരു വലിയ മനുഷ്യനെ ഉള്ളിൽ വഹിക്കുന്നുണ്ട്. ഓരോ കുഞ്ഞു നീർത്തുള്ളിയും ഒരു കടൽ ഉള്ളിൽ സൂക്ഷിക്കുന്നതുപോലെ. ഒടുവിലതൊരു മഹാസമുദ്രമായി മാറുന്നു.

എല്ലാവർക്കും എല്ലാത്തിനും മുകളിൽ ദൈവവും സ്വപ്നങ്ങൾ കാണുന്നുവെന്ന് നാമെന്തേ മറന്നുപോകുന്നു, ഈ മണ്ണിലേക്ക് ഇറങ്ങിവരുന്ന സ്വർഗ്ഗത്തിന്റെ സ്വപ്നങ്ങൾ. എനിക്ക് നിന്നെക്കുറിച്ച് ഒരു സ്വപ്നമുണ്ട്. നിന്റെ നാശത്തിനല്ല മറിച്ച് ക്ഷേമത്തിനാണത് എന്ന് പറയുമ്പോൾ സ്വർഗ്ഗത്തിന്റെ സ്വപ്നത്തിന്റെ സൂചനയാണത്. തുടക്കം എത്ര ചെറുതും ശുഷ്കവുമാണെങ്കിലും വളരാനും വലുതാകാനും അപാരമായ ഒരു സാധ്യത നിന്നിലൊളിപ്പിച്ചിട്ടുണ്ട് ദൈവം. ഈ സാധ്യതയാണ് നിന്നെക്കുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നം.

സ്വപ്നങ്ങൾ എന്നുമൊരു സാധ്യതയാണ്. ദൈവരാജ്യമെന്നാൽ സാദ്ധ്യതകളുടെ സാദ്ധ്യതയാണ്. ഏദൻതോട്ടവും സാദ്ധ്യതയുടെ കൂമ്പാരമായിരുന്നു. നന്മകളുടെയും സമൃദ്ധിയുടെയും ദൈവികതയുടെയും അപാരമായ സാദ്ധ്യതകൾ പേറിയ ഏദൻ. ഒടുക്കം ഇത് തിരസ്കൃതമായി, സ്വപ്നങ്ങൾ ഇല്ലാത്തവനായി തകർന്നവനിലേക്കാണ് നസ്രായനെത്തുന്നത്. വീണ്ടും ഈ സ്വപ്നങ്ങളിലേക്ക് നയിക്കാൻ... ഇനിയും നാമത് തിരിച്ചറിയേണ്ടിയിരിക്കുന്നു- എന്നിൽ മിഴിപൂട്ടിയുറങ്ങുന്ന ദൈവത്തിന്റെ സ്വപ്നങ്ങളെ. സ്വർഗ്ഗരാജ്യം ഒരു കടുകുമണിക്ക് തുല്യമാണെന്നും മാവിൽ ചേർത്തു കുഴയ്ക്കുന്ന പുളിപ്പാണെന്നും നസ്രായൻ പറഞ്ഞപ്പോൾ അവൻ വാചാലനായത് തന്റെയീ സ്വപ്നങ്ങളെക്കുറിച്ചായിരുന്നു. അതാണവൻ പറഞ്ഞത് സ്വർഗ്ഗരാജ്യം നിങ്ങളുടെ ഉള്ളിലാണ് എന്ന്. എത്ര ചെറുതാണ് എങ്കിലും വളർന്ന് വലുതാകാനും ശാഖ വിരിക്കാനുമുള്ള സാദ്ധ്യത... പെരുകി നിറഞ്ഞ് കവിഞ്ഞ് തൂവാനുള്ള അനന്ത സാദ്ധ്യത. അത് സ്വർഗ്ഗം നിന്നിൽ കാണുന്നതാണ്. കടുകുമണി നിന്റെ ജീവിതത്തിന്റെ അനന്ത സാദ്ധ്യതയാണ്. സ്വയം വളരാനും പടർന്നു പന്തലിക്കാനും. പുളിമാവ് നീ അപരനിൽ നിറയ്ക്കേണ്ട സാന്നിദ്ധ്യമാണ്. അപരനാകുന്ന മാവിൽ നിന്നിലെ പുളിപ്പ് ചേരുമ്പോൾ സ്വർഗ്ഗം വിടരും.

സഹയാത്രികരുടെ, സഹോദരരുടെ ജീവിതലക്ഷ്യത്തിലേക്കുള്ള യാത്രയിൽ നിന്റെ സാന്നിദ്ധ്യത്തിന് വളരെ വലിയ വിലയുണ്ട്. ഇത്തിരിമാവിലെ പുളിപ്പിക്കുന്ന പുളിമാവുപോലെ. മാവിലൊളിപ്പിച്ച ദൈവത്തിന്റെ സ്വപ്നമാണ് അപ്പം. പക്ഷേ മാവിനതിലെത്താൻ പുളിമാവ് വേണം. സഹോദരന് അവന്റെ സ്വർഗ്ഗല





ക്ഷ്യത്തിലെത്തിച്ചേരാൻ നിന്റെ പുളിപ്പിന്റെ സന്മനസ്സുകൂടി വേണം. അതിന് തയ്യാറാകുമ്പോൾ സ്വപ്നം സാക്ഷാത്കാരമാവും. കുടുംബം സ്വർഗ്ഗമാകും സമൂഹം മനോഹരമാകും, ലോകം സുന്ദരമാകും. കാരണം ദൈവം എന്നും സ്വപ്നങ്ങൾ കാണുന്നു. മനുഷ്യനെക്കുറിച്ച്, അവന്റെ പുഞ്ചിരിയെക്കുറിച്ച്, ആത്മാവിനെക്കുറിച്ച്, നടപ്പിനെയും ഇരുപ്പിനെയുംകുറിച്ച്, ഒരു അമ്മയെപ്പോലെ.

ദൈവത്തിന്റെ സ്വപ്നങ്ങളാണ് നമ്മുടെ സാദ്ധ്യതകൾ. അത് ജീവിതമാകണം. സ്വന്തം സ്വപ്നങ്ങൾ ആവണം. ദൈവസ്വപ്നങ്ങളിൽ നിന്ന് സ്വന്തം സ്വപ്നങ്ങൾക്ക് പകിട്ടേറുമ്പോൾ അത് സുന്ദരമായ യാഥാർത്ഥ്യവും അതോടൊപ്പം പകൽകിനാവുപോലെ ദുഃഖവുമായിരിക്കും. മനുഷ്യൻ എപ്പോഴും സുന്ദരസ്വപ്നങ്ങൾ കാണാനാഗ്രഹിക്കുന്നു. ദൈവം പക്ഷേ അങ്ങനെയല്ല. ചിലപ്പോൾ കാണുന്നത് കുരിശായിരിക്കാം. പക്ഷേ കുരിശിൽ തൂക്കപ്പെടാൻ വിധിക്കപ്പെട്ട് തകർന്ന് തളർന്ന് മനസ്സും ശരീരവും തകർന്നടിയുമ്പോഴും ഓർക്കുക എല്ലാ ശാപങ്ങൾക്കും മേലെ അനുഗ്രഹമായിപ്പടരാനുള്ള ഒരു സാദ്ധ്യത നിന്നിൽ കാണുന്നു ദൈവമെന്ന്.



മനസ്സിൽ സ്വപ്നങ്ങൾ നിറയ്ക്കുക. സ്വപ്നങ്ങൾ നഷ്ടപ്പെട്ട മനസ്സ് വിളക്കണഞ്ഞ കൂടാരംപോലെയാണ്. സ്വപ്നങ്ങൾ നഷ്ടപ്പെടാതെ സൂക്ഷിക്കുക. നിന്റെ നിയോഗംപോലെ പരിശുദ്ധമായ സ്വപ്നങ്ങൾ അവയെ ദൈവത്തിന്റേതിനോട് ചേർത്തുവയ്ക്കുക. വെളിപാടുകൾപോലെ നിന്നിൽ നിറയുന്ന സ്വപ്നങ്ങൾക്ക് നിറങ്ങൾ ചാർത്താൻ ദൈവത്തിനാവും. അത് മനസ്സിനെ ധൈര്യപ്പെടുത്തണം. ഭൂമിയുടെ രക്ഷ സ്വപ്നം കണ്ട ഒരമ്മയുണ്ടായിരുന്നു. അതിനായ് തന്റെ സ്വപ്നങ്ങൾ ദൈവത്തിന്റേതിനോട് ചേർത്തുവച്ചവൾ. “നിന്റെ ഹിതമെന്നിൽ ഭവിക്കട്ടെ” എന്നു പറഞ്ഞ് അവൾ സഹിച്ചത് ചെറുതൊന്നുമല്ല. സ്വപ്നത്തിന്റെ അവസാനം സാദ്ധ്യതയുടെ കൂടാരമായി അവൾ. ഒരു സ്വപ്നത്തിലെന്നപോലെ അവൾ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. പരി. കന്യകാമറിയമാണത്. കടുകുമണിയായി ലോകമെങ്ങും പടർന്നവൾ, പുളിമാവായി ദൈവസ്വപ്നത്തെ, സ്വർഗ്ഗത്തെ സാക്ഷാത്കരിച്ചവൾ. നമുക്കതൊരു മാതൃകയാവണം. കാരണം നമ്മുടെ ദൈവം അങ്ങനെയാണ്-ചെറുതാകലിന്റെ വലിയ സൗന്ദര്യം. അതല്ലേ അവൻ മനുഷ്യനായത്. നമുക്കിനിയും അതറിയാൻ കഴിഞ്ഞിട്ടില്ല.

അതിനാൽ നിന്റെ സ്വപ്നങ്ങളെ ദൈവത്തിന്റേതിനോട് ചേർത്തുവയ്ക്കുക. പിന്നെ ഒരു കടുകുമണിയോ പുളിമാവോ ആയിത്തീരുക. പിന്നെ സ്വർഗ്ഗം നിന്റെ സ്വന്തമാകും. നീ സ്വർഗ്ഗത്തിന്റെയും... ശരിക്കും.... ശ്രമിച്ചുനോക്ക്. സ്വർഗ്ഗമെന്ന അമ്പിളിമാമനെ പോക്കറ്റിലിട്ട് നമ്മൾ നടക്കുന്ന കാലം വിദൂരത്തല്ല...



# വഴിക്ക് ശണ്ഠ കൂടരുത്

**ഫാ. ഷിബു പുളിക്കൽ**
റെക്ടർ, സെന്റ് തോമസ് മൈനർ സെമിനാരി
കല്യാൺ രൂപത

അവർ പുറപ്പെട്ടപ്പോൾ അവൻ പറഞ്ഞു: "വഴിക്കുവച്ചു ശണ്ഠ കൂടരുത്". ഉല്പത്തിയുടെ പുസ്തകത്തിൽ ജോസഫ് തന്റെ സഹോദരന്മാർക്കു നൽകുന്ന നിർദ്ദേശമാണിത്. ഈജിപ്തിലെ വിശിഷ്ടവസ്തുക്കളും ധാരാളം ധനവും തന്റെ സഹോദരന്മാർക്ക് കൈവശം കൊടുത്തുവിടുന്ന ജോസഫ് തന്റെ ഇളയ അനുജൻ, ബഞ്ചമിന് മറ്റു സഹോദരങ്ങൾക്ക് ഉള്ളതിനെക്കാൾ സ്വത്തും ധനവും നൽകുന്നു. തന്നെ പണ്ടു ചതിയിൽ പൊട്ടക്കിണറ്റിൽ തള്ളിയിട്ടതുപോലെ ഇവർ സ്വത്തുക്കൾ കൈവശപ്പെടുത്താൻ പരസ്പരം വഴക്കിടുമോ എന്നു ഭയന്നിട്ടാകാം ജോസഫ് അവരെ ഇങ്ങനെ ഉപദേശിച്ചു വിട്ടത്.

പത്രം തുറന്നാൽ നമുക്കിന്നു വായിക്കാൻ കഴിയുക കൊലപാതകങ്ങളേയും വഴക്കുകളേയും പറ്റിമാത്രം. ഇരുപതിനും മുപ്പതിനും ഇടയ്ക്കുള്ളവരാണ് ഇതിലെ പ്രതികളിലധികവും. ധനത്തിനും മദിരാക്ഷിക്കും വേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ഒരു തലമുറ ഇന്നു വളർന്നുകൊണ്ടിരിക്കുന്നു. വിശ്വാസമൂല്യങ്ങൾ തകരുന്നു.

എന്തും വെട്ടിപ്പിടിച്ചു സ്വന്തമാക്കാനുള്ള ഒരു ത്വര ഇന്നു യുവമനസ്സുകളിൽ കടന്നുകൂടിയിട്ടുണ്ട്. അതിന് എന്തു മാർഗ്ഗവും അവർ സ്വീകരിക്കുന്നു. പങ്കുവയ്പിന്റെ ഒരു സംസ്കാരം ഇന്ന് അന്യമായി തീർന്നിരിക്കുന്നു. "എന്തുവന്നാലുമെനിക്കാസ്വദിക്കണം, മുന്തിരിച്ചാറുപോലീ ജീവിതം". ധാരാളം സ്വത്തും പണവും കയ്യിൽ വരുമ്പോൾ എന്തു ചെയ്യണമെന്നറിയാതെ അവർ കുഴങ്ങുന്നു. തോബിത്ത് തന്റെ മകൻ തോബിയാസിനു നൽകുന്ന നിർദ്ദേശങ്ങൾ ഹൃദിസ്ഥമാക്കേണ്ടതാണ്: "മകനേ സമ്പത്തേറുമ്പോൾ അതനുസരിച്ചു ദാനം ചെയ്യാൻ മടിക്കരുത്... നിനക്ക് അഹിതമായത് അപരനോടും ചെയ്യരുത്. അമിതമായി മദ്യപിക്കരുത്. ഉന്മത്തത ശീലമാക്കരുത്. വിശക്കുന്നവനുമായി നിന്റെ അപ്പം പങ്കിടുക..." (തോബിത് 4).

എത്ര കിട്ടിയാലും മതിയാകാത്ത ഒരു ലോകമാണിത്. നിനക്കുള്ളതെല്ലാം പങ്കുവയ്ക്കണമെന്നു പറഞ്ഞപ്പോൾ ധനികനായ യുവാവ് സങ്കടത്തോടെ തിരിച്ചുപോയി. "നിങ്ങളിൽ രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കട്ടെ. ഭക്ഷണമുള്ളവനും അങ്ങനെതന്നെ ചെയ്യട്ടെ". സ്നാപകയോഹന്നാന്റെ ഈ വാക്കുകൾ കേട്ടു പലരും മടങ്ങിപ്പോയിരിക്കണം.

ഒരിടത്ത് പിശുക്കനായ ഒരു ധനികനുണ്ടായിരുന്നു. അയാൾ തന്റെ സ്വർണമെല്ലാം ഉരുക്കി ഒന്നാക്കി തന്റെ പുരയിടത്തിൽ കുഴിച്ചിട്ടു. എല്ലാ ദിവസവും അയാൾ ഈ സ്ഥലം സന്ദർശിക്കും. ഇതു മനസ്സിലാക്കിയ ഭൃത്യൻ സ്വർണം മോഷ്ടിച്ച് കടന്നുകളഞ്ഞു. ധനവാൻ ദുഃഖിതനായി. അയാൾ തന്റെ സുഹൃത്തിനോട് ഇക്കാര്യം പറഞ്ഞു. "ഇതിൽ താൻ ദുഃഖിക്കേണ്ട. സ്വർണം കുഴിച്ചിട്ടിടത്ത് ഒരു ഇഷ്ടിക വയ്ക്കുക. പതിവുപോലെ ആ സ്ഥലം സന്ദർശിക്കുക. അത് അവിടെ ഉണ്ടായിരുന്നപ്പോഴും നിനക്കു വലിയ പ്രയോജനമൊന്നും ഉണ്ടായില്ലല്ലോ" സുഹൃത്തു പറഞ്ഞു. പങ്കുവയ്ക്കാത്ത ധനവും ഇതുപോലെതന്നെ.

"സൂര്യനു കീഴെ ഞാൻ വലിയൊരു തിന്മ കണ്ടു. ധനികൻ തന്റെ തന്നെ നാശത്തിനു മുതൽ സൂക്ഷിക്കുന്നു. ഒരു സാഹസയത്നത്തിൽ അതു നഷ്ടപ്പെടുന്നു" (സഭാപ്രസംഗകൻ 5:13).

കവിത

# ഒരു പിതാവിന്റെ അനുഗ്രഹവചസ്സുകൾ

**സെബാസ്റ്റ്യൻ ഡി. കുന്നേൽ, കോട്ടയം**

(തന്റെ പുത്രനായ തോബിയാസിനെ ദീർഘയാത്രയ്ക്കായി പറഞ്ഞയയ്ക്കുന്ന അവസരത്തിൽ, വൃദ്ധനായ പിതാവ് തോബിത്ത് നൽകുന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളുമാണ് ഈ കവിതയുടെ ഇതിവൃത്തം. ഈ കാലഘട്ടത്തിലും ഇതിനു വലിയ പ്രസക്തിയുണ്ട്. വി. ഗ്രന്ഥത്തിലെ തോബിത്തിന്റെ പുസ്തകം, നാലാം അദ്ധ്യായമാണ് കവിതയ്ക്ക് ആധാരമായി എടുത്തിട്ടുള്ളത്)

തോബിത്തിൻ വാത്സല്യത്തിൽ ചാലിച്ച വചസ്സുകൾ
പുത്രനാം തോബിയാസിൻ ഹൃദയം നിറയ്ക്കുന്നു:

“മകനേ ശ്രവിക്കുക: കർത്താവിൻ ദൂതൻ വന്നെൻ
ദേഹിയെ വിളിക്കുമ്പോൾ ഭയക്കാതിരിക്കുക;
ദൈവത്തിൻ ഭവനത്തിൽ വിശ്രാന്തി ലഭിക്കുമെൻ
ദേഹമീപൂഴിമണ്ണിൽ വഴിപോൽ സംസ്കരിക്കൂ...
മറക്കാതെന്നുമെന്നും അമ്മയെ സ്നേഹിക്കുക,
മനസ്സിനുള്ളിൽപോലും വേദനപൊടിയാതെ:
മറക്കാതിരി,ക്കമ്മ ഈറ്റുനോവറിഞ്ഞവൾ;
അമ്മയ്ക്കു തണലായി, കാവലായൊപ്പം നില്ക്കൂ...
ദൈവത്തിൻ ദൂതു വന്നെന്നരികിലവൾ ചേരും:
പൂജ്യമാം ദേഹമെന്റെ കുഴിമാടത്തിൽ ചേർക്കൂ...”

തോബിത്തിൻ വാത്സല്യത്തിൽ ചാലിച്ച വചസ്സുകൾ
പുത്രനാം തോബിയാസിൻ ഹൃദയം നിറയ്ക്കുന്നു:

“സമയം പൂർത്തിയായ് നീ സ്വർഗത്തിൽ ഞങ്ങൾക്കൊപ്പം
ചേരുവാനിപ്പോൾ മുതൽ ദൈവത്തെ ധ്യാനിക്കുക;
ദൈവത്തിൻ തിരുനാമം ദിനവും വാഴ്ത്തീടുക:
ജീവിതപാതകളിൽ യഹോവ തണലാകും.
പാപത്തിൻ വഴികളിൽ നടക്കാതിരിക്കുക,
ദൈവത്തിൻ കല്പനകൾ വെളിച്ചം വിതറട്ടെ...
ദാനധർമ്മങ്ങൾ നിന്നെ ദൈവത്തിൻ പ്രിയനാക്കും;
ക്ലേശത്തിൻ കാലത്തവ തുണയായ് ഭവിച്ചിടും.
വിശപ്പാൽ, രോഗത്താലോ ദുരിതം പേറുന്നവർ-
ക്കെല്ലാർക്കും മുമ്പിൽ ദൈവസുതനായ് ഭവിക്കുക:
നിത്യജീവിതത്തിന്റെ കവാടം തുറക്കുവാൻ
ഉറപ്പായ് കരുതാമീ ദാനധർമ്മത്തിൻ താക്കോൽ”.

തോബിത്തിൻ വാത്സല്യത്തിൽ ചാലിച്ച വചസ്സുകൾ
പുത്രനാം തോബിയാസിൻ ഹൃദയം നിറയ്ക്കുന്നു:-

“മകനേ, ശ്രവിക്കുക: അന്യജാതിയിൽനിന്നും
ഇണയെ സ്വീകരിച്ചാൽ, ദൈവത്തെ മറന്നീടാം;
യഹോവ നല്കിയതാം ധാർമ്മികവഴികളിൽ
ചരിക്കും വിനീതയാം കന്യക തുണയാകും...

മകനേ, പോയി വരൂ: യഹോവ നയിക്കട്ടെ,
സ്വർഗീയദൂതൻ നിന്റെ മുമ്പിലായ് നടക്കട്ടെ.
വൃദ്ധനാമച്ഛനും നിന്നമ്മയും കണ്ണുംനട്ടീ
കുടിലിൽ കാത്തിരിക്കും; വരിക യഥാസുഖം...” (കേകവൃത്തം)

പൂമൊട്ടുകൾ



# സ്വർഗത്തിലേക്കുള്ള കുറുക്കുവഴി

**റപ്പായി ജി. കൂനൻ**
**മുള്ളുണ്ട്, മുംബൈ**

ഈശ്വരസാന്നിദ്ധ്യം അടുത്തറിഞ്ഞിട്ടും, ആവോളം ആസ്വദിച്ചിട്ടും, നിത്യനരകത്തിന്റെ അഗാധ ഗർത്തങ്ങളിലേക്കു നിപതിക്കാനേ യൂദാസിനു കഴിഞ്ഞുള്ളു. ഭൗതികതയിൽ കുടുങ്ങിക്കിടന്ന മനസ്സിന് ആത്മീയതലങ്ങളിലേക്ക് ചിറകടിച്ചുയരാൻ ഒട്ടും കഴിഞ്ഞില്ല എന്നതുതന്നെ അതിനു കാരണം. ലാഭേച്ഛയിൽ മാത്രം കണ്ണുനട്ടുകൊണ്ട്, നിർവികാരനായി, നിസംഗതയോടെയുള്ള അവന്റെ ചോദ്യം കഠോരവും മനുഷ്യമനഃസാക്ഷിയെ മുറിപ്പെടുത്തുന്നതുമാണ്: “ഞാൻ അവനെ നിങ്ങൾക്ക് ഏല്പിച്ചുതന്നാൽ, നിങ്ങൾ എനിക്ക് എന്തു തരും?” (മത്താ 26,15).

എല്ലാം ‘എനിക്ക്’ എന്ന സ്വാർത്ഥതകൊണ്ടുമാത്രമാണ്, “നീ പൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ, പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക” (മത്താ 19,21) എന്ന തിരുവചനം കേട്ടമാത്രയിൽ ധനവാൻ സങ്കടപ്പെട്ട് അവിടെനിന്നു മടങ്ങിപ്പോയത്.

ഇതിനു കടകവിപരീതമായി, “ഈ ദരിദ്രവിധവ മറ്റാരെയുംകാൾ കൂടുതൽ ഭണ്ഡാര

ത്തിൽ നിക്ഷേപിച്ചിരിക്കുന്നു. ... ഇവളാകട്ടെ തന്റെ ദാരിദ്ര്യത്തിൽനിന്നു തനിക്കുണ്ടായിരുന്നതെല്ലാം, തന്റെ ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചിരിക്കുന്നു" (മർക്കോ 12,43-44) എന്നും നാം സുവിശേഷത്തിൽ വായിക്കുന്നു.



ഇതിൽ ആദ്യത്തെ വ്യക്തി (ധനവാൻ) മോഹപാശങ്ങളാൽ ബന്ധിക്കപ്പെട്ട് പാരതന്ത്ര്യത്തിൽ കഴിയുമ്പോൾ, രണ്ടാമത്തെ ആൾ (ദരിദ്രവിധവ) പരിപൂർണ സ്വാതന്ത്ര്യം ആത്മാവിൽ അനുഭവിക്കുന്നു.

തന്നെത്താൻ സ്നേഹിക്കുന്നതുപോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കുകയെന്ന ഒരൊറ്റ കല്പനയിൽ മറ്റെല്ലാ കല്പനകളും ആന്തർലീനമായിട്ടുണ്ടെന്ന് അരുളിച്ചെയ്ത ഈശോ, അയൽക്കാരൻ ആരാണെന്നുകൂടി നിർവചിച്ചുതന്നു. കൂടാതെ, അയൽക്കാരന്റെ ദാരിദ്ര്യവും കഷ്ടതകളും കണ്ടില്ലെന്നു നടിക്കുന്നതിനുള്ള ശിക്ഷയും കുറിച്ചുവച്ചു: "നിനക്ക് ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും കിട്ടിയിരുന്നു; ലാസറിനു കഷ്ടതകളും. ഇപ്പോൾ അവൻ ഇവിടെ ആനന്ദിക്കുകയും, നീ വേദന അനുഭവിക്കുകയും ചെയ്യുന്നു" (ലൂക്കാ 16,25).

ഭൂമിയിലായിരിക്കുമ്പോഴും സ്വർഗീയമഹത്ത്വം ലക്ഷ്യംവച്ചുകൊണ്ട് വ്യാപരിക്കുവാൻ തിരുസഭ നമ്മെ ഓർമ്മിപ്പിക്കുന്ന ഈ ആരാധനാവത്സരകാലത്ത് നമ്മുടെ ചിന്തയ്ക്കു വിഷയീഭവിപ്പിക്കേണ്ടതാണിവയെല്ലാം. സ്വാർത്ഥത വെടിഞ്ഞ് മറ്റുള്ളവരുടെ ആവശ്യങ്ങളിലേക്കു കണ്ണു തുറക്കുകയും അവർക്ക് സഹായഹസ്തം നീട്ടുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ സന്തോഷത്തിന്റെ നിറവിൽ നാം എത്തിച്ചേരുന്നത്.

അതുകൊണ്ട്, ശരിയായ ആനന്ദം ആത്മാവിൽ അനുഭവവേദ്യമാകണമെങ്കിൽ, നാം ചെയ്യേണ്ടത്, "എന്റെ എളിയ ഈ സഹോദരന്മാരിൽ ആർക്കെങ്കിലും നിങ്ങൾ ഇതു (സഹായം) ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത്" (മത്താ 25,40) എന്ന തിരുമൊഴി പ്രവൃത്തിപഥത്തിൽ വരുത്തുക എന്നതുമാത്രമാണ്. ചുരുക്കത്തിൽ, നമ്മുടെ ഏറ്റവും എളിയ സഹോദരങ്ങളിൽ ഈശോയെ ദർശിക്കുക എന്ന ദാർശനികത ഒന്നുമാത്രമാണ്, സ്വർഗരാജ്യം കരസ്ഥമാക്കാനുള്ള ഒരേയൊരു പോംവഴി.





# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ഏലിയാ-സ്ലീവാ-മൂശെക്കാലം ആരാധനാവത്സരത്തിൽ ക്രിസ്തീയജീവിതത്തിന്റെ അന്ത്യാത്മകമാനം അനുസ്മരിക്കുന്ന കാലഘട്ടമാണല്ലോ. സഭയുടെ ആരാധനതന്നെ സ്വർഗത്തിന്റെ മുന്നാസ്വാദനമാണ്. കൈത്താക്കാലത്തിൽ നാം ആഘോഷമായി അനുസ്മരിക്കുന്ന ഈശോയുടെ രൂപാന്തരീകരണം നമ്മെ അനുസ്മരിപ്പിക്കുന്നത് നമ്മുടെ പ്രാർത്ഥനാവസരങ്ങളെല്ലാം സ്വർഗത്തിന്റെ മുന്നാസ്വാദനത്തിന്റെ അവസരങ്ങളാകണമെന്നാണ്. ഈശോ പ്രാർത്ഥിക്കാൻ പോയപ്പോഴാണ് രൂപാന്തരീകരണാനുഭവമുണ്ടായത് എന്നാണ് ലൂക്കാസുവിശേഷകൻ പറയുന്നത് (ലൂക്കാ 9,28). പ്രാർത്ഥനയിൽ ദൈവസന്നിധിയിലേക്ക് മനസ്സും ഹൃദയവുമുയർത്തി അനുദിനജീവിതസാഹചര്യങ്ങളും ജീവിതാനുഭവങ്ങളും ദൈവത്തിന്റെ കണ്ണുകളിലൂടെ നോക്കിക്കാണുവാനും ദൈവഹിതത്തിനനുയോജ്യമായവിധം അവയെ നേരിടുവാനും നമുക്കു കഴിയുന്നെങ്കിൽ പ്രാർത്ഥന നമുക്കും ഒരു സ്വർഗീയ അനുഭവമാകും. അപ്രകാരം പ്രാർത്ഥനാജീവിതം നയിക്കുവാൻ നമ്മെയും നമ്മുടെ അജപാലനശുശ്രൂഷയ്ക്കായി ഏല്പിക്കപ്പെട്ടിരിക്കുന്നവരെയും നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ അസംബ്ലി 2016 ഓഗസ്റ്റ് 21 മുതൽ 28 വരെയുള്ള തീയതികളിൽ ഇറ്റലിയിലെ സുബിയാക്കോയിൽവച്ച് നടക്കും. പ്രസ്തുതസമ്മേളനത്തിൽ സംബന്ധിക്കുവാൻ ഇന്ത്യയിൽനിന്നും ബഹുമാനപ്പെട്ട വെള്ളാനിക്കലച്ചനും ചാലാശ്ശേരിയച്ചനും അവരോടൊപ്പം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായ 10 ബഹുമാനപ്പെട്ട വൈദികരും ഈ മാസം 21-ാം തീയതി ഇറ്റലിക്കു പോകും. ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിൽനിന്നുള്ള ഈ ബഹുമാനപ്പെട്ട വൈദികർ സെപ്റ്റംബർ 4-ാം തീയതി റോമിൽവച്ചു നടക്കുന്ന മദർ തെരേസായുടെ നാമകരണച്ചടങ്ങിൽ സംബന്ധിച്ചതിനു ശേഷം സെപ്റ്റംബർ 5 ന് ഇന്ത്യയിൽ തിരിച്ചെത്തും.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# ദൈവത്തിന്റെ കൺട്രോൾ!

**ഷിനി തെരേസ് മുതുപ്ലാക്കൽ**

പകൽ മുഴുവൻ തന്നാലാവുംവിധം ഉടായിപ്പുകൾ നടത്തിയ മത്തായി വൈകിട്ട് മുട്ടുകുത്തി പ്രാർത്ഥന തുടങ്ങി.

"സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ"

ഓൺലൈനിൽ പച്ചവിളക്കും കത്തിച്ചിരിക്കുകയായിരുന്ന സ്വർഗസ്ഥനായ പിതാവ് അപ്പോൾതന്നെ റിപ്ലേ കൊടുത്തു: "കിടന്നു തൊള്ള തുറക്കാതെ കാര്യം പറ മത്തായി".

ഞെട്ടിപ്പോയ മത്തായി ആത്മസംയമനം വീണ്ടെടുത്തു പറഞ്ഞു: "അങ്ങയുടെ നാമം പൂജിതമാകണമേ".

''ഈ സുഖിപ്പിക്കൽ നിത്യേന കുറേ കേൾക്കുന്നതാ. നീ ബാക്കി പറ'' എന്നു ദൈവം.

"അങ്ങയുടെ രാജ്യം വരണമേ".

"നടന്നതുതന്നെ!" ദൈവത്തിന്റെ ആത്മഗതം!

"അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ".

"അത് അതിമോഹമാ മത്തായി".

''അന്നന്നുവേണ്ട ആഹാരം എന്നും ഞങ്ങൾക്കു നല്കണമേ".

അതു കേട്ട ദൈവത്തിനു കലിപ്പുവന്നു. "നാലു തലമുറയ്ക്കുള്ളതു കഴിക്കാനുള്ളത് സമ്പാദിച്ചു വച്ചിട്ടാണോടാ ... മോനേ നീ അന്നന്നത്തെ ആഹാരത്തിന് എന്നോടു കേഴുന്നത്".

വിരണ്ടുപോയ മത്തായി അടുത്ത വാചകം പറഞ്ഞു: "ഞങ്ങളോടു തെറ്റു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ".

അതു കേട്ടപ്പോഴാണ് ദൈവത്തിന്റെ കൺട്രോളു പോയതും പുറംകാൽ മടക്കി മത്തായിയുടെ പിടലിക്കടിച്ചതും മൂക്കുകുത്തി മത്തായി വീണതും!

അതു കണ്ട ഭാര്യ അന്നാമ്മ വിളിച്ചു പറഞ്ഞു: "കണ്ടു പഠിക്ക് മക്കളേ, നിങ്ങടെ അപ്പന്റെ ഭക്തി! പ്രാർത്ഥനയ്ക്കു ശേഷമുള്ള ആ നമസ്കാരം കണ്ടോ".





നവമാധ്യമങ്ങളിൽ പ്രചരിക്കുന്ന ഈ പ്രാർത്ഥനാരംഗാവതാരകന്റെ ഭാവനയും നർമ്മവും കപടഭക്തിയുടെ നേർക്കുള്ള ഹാസ്യവിമർശനവും അഭിനന്ദനീയംതന്നെ. ദൈവം മനുഷ്യനെപ്പോലെ പെരുമാറിയിരുന്നെങ്കിൽ ഇതല്ല, ഇതിനപ്പുറവും ചെയ്യാൻ ദൈവം നിർബന്ധിക്കപ്പെട്ടേനെ. കാരണം, തന്റെ പുത്രന്റെ അവസാനതുള്ളി രക്തവും കൊടുത്ത് വീണ്ടെടുത്ത മനുഷ്യന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന ചെയ്തികൾ അത്തരത്തിലുള്ളതാണല്ലോ.

എന്നാൽ, നല്ല ദൈവത്തിന്റെ അളവറ്റ കരുണയും ക്ഷമയും സ്നേഹവും അല്പമെങ്കിലും മനസ്സിലാക്കുവാനും അനുഭവിക്കുവാനും സാധിച്ചവർക്ക്, അതിനായി ശ്രമിക്കുന്നവർക്ക് ഇത് ഒട്ടും സ്വീകാര്യമാവില്ല. 'ഞാൻ ദൈവമാണ്, മനുഷ്യനല്ല' എന്ന് ദൈവം പല സാഹചര്യങ്ങളിൽ അരുളിച്ചെയ്തതായി വി. ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട്. ഹോസിയാപ്രവാചകന്റെ പുസ്തകം 11-ാം അദ്ധ്യായത്തിൽ ദൈവത്തിന്റെ കരുണ നിറഞ്ഞ സ്നേഹം വിവരിക്കുന്ന വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത് അതിനുദാഹരണമാണ്. തന്റെ സ്നേഹത്തിനു വേണ്ടവിധം പ്രത്യുത്തരിക്കാതെ പാപത്തിൽ വീണുപോയ ജനത്തെ നോക്കി അവിടുന്നു പറയുന്നു: "ഞാൻ അവരെ അടുക്കലേക്കു വിളിക്കുന്തോറും അവർ എന്നിൽനിന്ന് അകന്നുപോവുകയാണ് ചെയ്തത്. അവർ ബാൽദേവന്മാർക്കു ബലിയും വിഗ്രഹങ്ങൾക്കു ധൂപവും അർപ്പിച്ചുപോന്നു. എഫ്രായിമിനെ നടക്കാൻ പഠിപ്പിച്ചത് ഞാനാണ്. ഞാൻ അവരെ എന്റെ കരങ്ങളിലെടുത്തു; എന്നാൽ തങ്ങളെ സുഖപ്പെടുത്തിയത് ഞാനാണെന്ന് അവർ അറിഞ്ഞില്ല. കരുണയുടെ കയർ പിടിച്ച് ഞാൻ അവരെ നയിച്ചു-സ്നേഹത്തിന്റെ കയർതന്നെ. ... ഞാൻ കുനിഞ്ഞ് അവർക്കു ഭക്ഷണം നല്കി. ... എഫ്രായിം, ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും? ഇസ്രായേൽ, ഞാൻ നിന്നെ എങ്ങനെ കൈവിടും? ... എന്റെ അനുകമ്പ ഊഷ്മളവും ആർദ്രവുമായിരിക്കുന്നു. .... ഞാൻ ദൈവമാണ്, മനുഷ്യനല്ല". ഇതാണ് ദൈവം! എന്തെല്ലാം അകൃത്യങ്ങളും അനുസരണക്കേടും മനുഷ്യന്റെ ഭാഗത്തുനിന്നും ഉണ്ടായാലും, തന്റെ സ്നേഹത്തിന് വേണ്ടവിധത്തിൽ അവൻ പ്രത്യുത്തരം നല്കാതിരുന്നാലും, കരുണയുടെ ഉറവ വീണ്ടുമൊഴുക്കുന്നവനാണ് അവിടുന്ന്. പരിമിതികൾ നിറഞ്ഞ മനുഷ്യരായ നമുക്ക് നല്ല തമ്പുരാന്റെ അവർണനീയമായ കരുണ അഗ്രാഹ്യമാകുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

എന്നാൽ, കഥയിൽ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. 'ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളോടും ക്ഷമിക്കണമേ' എന്നു പറഞ്ഞപ്പോഴാണല്ലോ ദൈവത്തിന്റെ 'കൺട്രോൾ' പോയത്. 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ശിഷ്യരെ പഠിപ്പിച്ചശേഷം ക്ഷമിക്കേണ്ടതിന്റെ ആവശ്യകത ഈശോ എടുത്തു പറയുന്നതായി സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട്: "മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല" (മത്താ 6,14-15). കർതൃപ്രാർത്ഥനയിലെ ഈ ഭാഗത്തിനു മാത്രമാണ് ഈശോ വിശദീകരണം നല്കുന്നത് എന്നത് ക്ഷമയുടെ പ്രാധാന്യവും ക്ഷമിക്കേണ്ടതിന്റെ ആവശ്യകതയുമാണ് സൂചിപ്പിക്കുന്നത്. മറ്റുള്ളവരോടു ക്ഷമിച്ചാൽ മാത്രമേ, കാരുണ്യവാനായ ദൈവത്തിന്റെ ക്ഷമയും സ്നേഹവും നമുക്ക് അനുഭവിക്കാനാവൂ എന്നതാണ് യാഥാർത്ഥ്യം. ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കാനുള്ള കല്പനയാണ് അന്ത്യത്താഴവേളയിൽ നമുക്കു ലഭിച്ചത് (യോഹ 13,34-35). ഈ കല്പനയനുസരിക്കുന്നതിൽ വരുന്ന കുറവുകളിൽ കർത്താവു നല്കുന്ന ക്ഷമ ഓരോ നിമിഷവും സ്വീകരിക്കുന്ന നമുക്ക്, ആ ക്ഷമയുടെ ഭാവം സഹോദരങ്ങൾക്കും കൊടുക്കാം. ഈ കാരുണ്യവർഷത്തിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പയും ആഹ്വാനം ചെയ്യുന്നതിതാണല്ലോ.




**ഒന്നാം ദിവ്യരഹസ്യം**

*അഗ്രാഹ്യമായ ദൈവികപദ്ധതി വിശ്വാസത്തോടെ സ്വീകരിക്കുന്ന പരി. മറിയത്തെ നമുക്കു ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, അമ്മയെപ്പോലെ ദൈവഹിതത്തിനുമുമ്പിൽ ഇതാ ഞാൻ എന്നു പ്രത്യുത്തരിക്കുവാൻ അമ്മ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

**രണ്ടാം ദിവ്യരഹസ്യം**

*ദാനമായി ലഭിച്ച ദൈവകൃപയിൽ തെല്ലും അഹങ്കരിക്കാതെ, എല്ലാം എല്ലാവർക്കുമായി നല്കുന്ന പരി. മറിയത്തെ നമുക്കു ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, ദൈവം ഞങ്ങൾക്കു നല്കിയിരിക്കുന്ന വിവിധ ദാനങ്ങൾ കണ്ടെടുക്കുവാനും അതു മറ്റുള്ളവർക്കു പങ്കുവയ്ക്കുവാനുമുള്ള കൃപ ലഭിക്കുന്നതിനായി അമ്മ മാദ്ധ്യസ്ഥ്യം വഹിക്കണമേ.

**മൂന്നാം ദിവ്യരഹസ്യം**

*ഈശോയെ ഉദരത്തിൽ സ്വീകരിച്ചപ്പോൾത്തന്നെ താൻ അനുഭവിച്ച രക്ഷ മറ്റുള്ളവർക്കു പകർന്നുകൊടുത്ത പരി. അമ്മയെ നമുക്കു ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, ദൈവസ്നേഹത്താൽ ജ്വലിക്കുന്ന ഹൃദയവുമായി മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിനുള്ള വരം ലഭിക്കുന്നതിനായി അമ്മ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

**നാലാം ദിവ്യരഹസ്യം**

*തന്റെ പുത്രനോടൊപ്പം സഹനങ്ങൾ ഏറ്റെടുത്തുകൊണ്ട്, ദൈവേഷ്ടം നിറവേറ്റുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത് എന്നു പഠിപ്പിച്ച പരി. മറിയത്തെ നമുക്കു ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, അനുദിന ജീവിതാനുഭവങ്ങൾ ദൈവകരങ്ങളിൽനിന്ന് സന്തോഷത്തോടെ, എളിമയോടെ സ്വീകരിക്കാനുള്ള കൃപ ലഭിക്കുന്നതിനായി ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

**അഞ്ചാം ദിവ്യരഹസ്യം**

*മറ്റുള്ളവരാൽ അറിയപ്പെടാതെ നസ്രത്തിലെ നിശബ്ദതയിൽ ജീവിച്ച പരി. മറിയത്തെ നമുക്കു ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, മനുഷ്യരിൽനിന്നുള്ള പുകഴ്ത്തലുകൾ ആഗ്രഹിക്കാതെ വിനീതഹൃദയമുള്ളവരായി ദൈവതിരുമുമ്പിൽ വ്യാപരിക്കാനുള്ള വരം അങ്ങേ പ്രിയപുത്രനിൽനിന്നും വാങ്ങിത്തരണമേ.





## Spirituality Centre Programme

| September | October |
|---|---|
| 10 Social Animators & School of Bible | 8 Social Animators & School of Bible |
| 17 Recollection for Oblates | 11 Bible Study Forum |
| 20 Bible Study Forum | 11-12 Cenacle Gathering (Sodales&Aspirants) |
| 20-21 Cenacle Gathering (Sodales&Aspirants) | 17 Recollection for Oblates |
| 21 Maximalism Family Gathering | 19-24 Group from Latonia |

RNI: KERMAL/2014/59983
Published on
24th August 2016

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



"ക്ഷയവും കാൻസറുമല്ല
ഏറ്റവും ഭയാനകമായ രോഗങ്ങൾ.
ആർക്കും വേണ്ടാത്തവരായിരിക്കുകയും
സ്നേഹിക്കപ്പെടാതിരിക്കുകയും
ചെയ്യുന്നതാണ് കൂടുതൽ ഭയാനകമായ
രോഗമെന്ന് ഞാൻ കരുതുന്നു".

– മദർ തെരേസ

Printed, Published & Owned by Annamma Kulathuparayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal